

സുഹൃദ്ഗണം

സർഗചേതനയുടെ മിടിപ്പുകൾ 2024

editorial board



Dr. Padmaja Krishnan
Editor



Dr. Thomas Cherian
President, KSOS



Dr. N. V. Sivan




Dr. R. R. Varma



Dr. Sreekanth



Dr. Deepa M.G



Dr. Ambika Shetty



Dr. Preetha

Editorial

Dr. Padmaja Krishnan



So here I am writing a second editorial, after having told myself that however enjoyable it had been last time, I was probably not cut out for this.

Yet when asked if I would do it again I agreed readily enough, deeming it both a privilege and a chance to redeem myself (believing as I did that I could have done a better job last time).

What impressed me this time round was that contributions poured in into the Spandanam editor gmail account even without their knowing who the editor was thanks to the flyers made by my team.

I know just how difficult it is for our talented yet busy members to find the time and the energy to engage in their passions and hobbies. Hats off to every single one of them. Many others could have contributed but probably held back for similar reasons or because they worried that they were not good enough. I hope this issue will encourage them to contribute next time.

I must once again acknowledge the constant support and timely suggestions on the way forward from everyone on my editorial team. Dr. R.R. Varma's help here was invaluable. However all defects and deficiencies that exist are wholly mine.

Our President has set a trend by writing in Malayalam and his prescient words speak for themselves.

Like Oliver Twist I would have liked some more, but am sure the quality of what we are bringing out, trumps quantity.

I owe a huge debt to Sreekanth Ramachandran for all the apt illustrations he did at truly short notice and despite his personal and professional commitments. The artwork submitted by Juni, Ruby, Cyril, Farzin, Mini, Vaishna and of course Sreekanth will speak for themselves.

Thomas Arun is responsible for a new unique photo section.

Finally I must acknowledge Prasanth P.C from Mayakshetra who put it all together and made our dreams come true. I have been responsible for the delays in sending him articles and then breathing down his neck. He has tolerated it all, and Spandanam 2024 owes a lot to him.

And we give this vulnerable newborn, to you dear members, to read, evaluate, enjoy and treasure.

സൂചനകം

Message from KSOS President		05
The Bench warmers	Dr. Lathika Rajesh	06
Back bench to front bench	Dr. S. R. Krishnamoorthy	07
Poised for the pause	Dr. Natasha Radhakrishnan	09
Managing the Emotional Tightrope in Healthcare	Dr. Manasa S	11
രാജസൂര്യൻ	ഡോ. ലക്ഷ്മി ജി	10
The Lo. Vo. Ho Saga of Sight	Dr Devi Karthya	14
നിനക്ക്	ഡോ. ആർ.ആർ. വർമ്മ	15
മണ്മറഞ്ഞു പോയ പ്രിയ സൗഹൃദങ്ങൾക്കായ് സമർപ്പണം	ഡോ. ജയശ്രീ ഇന്ദിര	16
കെചക്... കെചക്	ഡോ. ആർ. ആർ. വർമ്മ	17
Cat has many lives, so too this cat has many ways	Dr. S. R. Krishnamoorthy	18
ശേഷം	ഡോ. ആർ. ആർ. വർമ്മ	19
പൊന്നാമ്പൽ പുഴയിറമ്പിൽ...	ഡോ. ദീപ എം ജി	20
ഉറുമ്പ്	ഡോ. സഫി ജോസ് സി	22
ആനവണ്ടിലെ കാഴ്ചകൾ	ഡോ ബിജു ജോൺ സി	23
Unleashing Purgatory	Dr. Mini Mathew	24
ഒരു കോവിഡ് പ്രണയം	ഡോ ബിജു ജോൺ സി	26
The Paradoxical Linguistometer	Dr. K.Preetha	31
മറവി	ഡോ. ദീപ എം. ജി	33
In the abode of flames	Dr. Ambika Shetty	34
കെ.ജി.യും കണ്ണുകടിയും	ഡോ. സി. കെ. രവി	37
ചക്ക versus ദുര്യൻ	ഡോ. ലതാ മോഹൻ	41
ജലയാനങ്ങൾ	ഡോ. ശ്രീകാന്ത് രാമചന്ദ്രൻ	42
ഭ്രാന്തന്റെ സ്വപ്നം	ഡോ.നീസാ	45
The Chaotic Rhythm	Dr. Sharika S Menon	46
Images in daily life that remind us of Ophthalmology	Dr Thomas Arun Varghese	48
രൂപാന്തരം	ഡോ. ഗോപിക പി കെ	51

Cover: Dr. Juni Hari

Back Cover: Dr. Cyril Mathew George



Message from the President

എന്റെ പ്രിയപ്പെട്ട കെ എസ് ഒ എസ് കുടുംബാംഗങ്ങളെ,

നേത്ര രോഗ വിദഗ്ദ്ധരുടെ ഒരു സംഘടനയായി കഴിഞ്ഞ അരനൂറ്റാണ്ടായി കെഎസ്ഒഎസ് നിലനിൽക്കുന്നു. ആദ്യകാലങ്ങളിൽ ഇത് തികച്ചും ഒരു അക്കാദമിക് സംഘടന ആയിരുന്നു. അത് അങ്ങിനെ ആയിരിക്കുകയും വേണം. എന്നാൽ നമ്മുടെ അംഗബലം വർദ്ധിച്ചപ്പോൾ ഈ സംഘടന ഒരു പ്രസ്ഥാനമായും ഒരു മഹാകുടുംബമായും വളർന്നു.

അക്കാദമിക്ക് രംഗത്ത് കെ എസ് ഒ എസ് ദേശീയതലത്തിൽ ഏറ്റവും മുൻപന്തിയിലാണ്. നമ്മുടെ തുടർ വിദ്യാഭ്യാസ പരിപാടികളുടെ നിലവാരം ഏത് അന്താരാഷ്ട്ര കോൺഫറൻസുകളുടെ നിലവാരത്തോടും കിടപിടിക്കുന്നതാണ്. നമ്മുടെ അംഗങ്ങൾ ശാസ്ത്രീയ അറിവിലും പ്രവൃത്തി പരിചയത്തിലും അദ്വിതീയരാണ്.

പ്രസ്ഥാനം വളർന്നു അംഗബലം വർദ്ധിച്ചപ്പോൾ നമ്മുടെ ഇടയിൽനിന്ന് വിവിധ കഴിവുകൾ ഉള്ളവർ മുന്നോട്ട് വന്നുതുടങ്ങി. നമ്മളിൽ കലാകാരന്മാരുണ്ട്, ഗായകരുണ്ട്, ചിത്രകാരന്മാരുണ്ട്, അഭിനേതാക്കളുണ്ട്, എഴുത്തുകാരുണ്ട്. അക്കാദമിക്ക് രംഗത്തെ താൻപോരിമ നിലനിർത്തിക്കൊണ്ടുപോകുമ്പോൾ തന്നെ ഈ സർഗ്ഗ ചേതനകളെ ഉദ്ദീപിപ്പിക്കുവാനും പരിപോഷിപ്പിക്കുവാനും നമുക്ക് വേദികൾ ആവശ്യമായി വന്നു. ഈ ആവശ്യം നമ്മുടെ കുടുംബത്തിൽ നിന്നും തന്നെ ഉയർന്നു വന്നു തുടങ്ങി. ഇത് കാലാനുസൃതമായ ഒരു ആവശ്യം തന്നെയാണ്. അങ്ങിനെയാണ് 'സ്പന്ദനം' നാം പ്രസിദ്ധീകരിച്ചു തുടങ്ങിയത്.

കഴിഞ്ഞ വർഷങ്ങളിൽ സ്പന്ദനം നമുക്ക് തന്ന കലാകാരന്മാർ ഒട്ടനവധിയാണ്. ഇവരുടെ കലാസൃഷ്ടികളുടെ നിലവാരം പ്രൊഫഷണൽ എഴുത്തുകാരുടെയും കലാകാരന്മാരുടെയും സൃഷ്ടികളോട് കിടപിടിക്കുന്നതാണ്. 'സ്പന്ദനം' കൂടാതെ നമുക്കിന്ന് ഗായകരുടേതായുള്ള 'സരിഗമ' വാട്ട്സാപ് ഗ്രൂപ്പും പ്രകൃതി കൂട്ടായ്മ ഗ്രൂപ്പും പ്രവർത്തിക്കുന്നുണ്ട്. നമ്മുടെ അംഗങ്ങൾ വരച്ചതും അഭ്രത്തിൽ പകർത്തിയതുമായ ചിത്രങ്ങൾ നമ്മുടെ കോൺഫറൻസുകളിൽ നാം പലപ്പോഴും പ്രദർശിപ്പിച്ചിട്ടുണ്ട്. നമ്മുടെ കോൺഫറൻസിന്റെ കലാസന്ധ്യ ഇന്ന് ഏറ്റവും കാമ്പുള്ള ഒരു കലാവിരുന്നാണ്.

ദൃഷ്ടി 2024നോടനുബന്ധിച്ച് ഈ വർഷത്തെ സ്പന്ദനം നാം പ്രസിദ്ധീകരിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത് എനിക്ക് ഏറ്റവും പ്രിയപ്പെട്ട എന്റെ ഗുരു പത്മജ മാഡമാണ്. നമ്മുടെ കെഎസ്ഒഎസ് അംഗങ്ങളുടെ കലാഭാവനകളെ പത്മജ മാഡത്തിന്റെ കയ്യൊപ്പ് ചാർത്തി അവതരിപ്പിക്കുമ്പോൾ അത് നമ്മുടെ ഓരോരുത്തരുടെയും സ്പന്ദനം തന്നെയായിരിക്കും. തീർച്ച!

ഡോ.തോമസ് ചെറിയാൻ
പ്രസിഡന്റ്
കെ. എസ്. ഒ. എസ്.
2023-2024

The Bench warmers


Dr. Lathika Rajesh


"Enough! On the bench today "
The coach uttered his final say.
Stopped thus in mid strike,
Our man has to walk away,
And join them, the 'bench warmers'-
Men like him, they used to be
But they too had been sent away ;
Upon a bench, now they sit
Under a faded Christmas star,
With terrible longing, do they pray
That a friend might fall and make way..

From the bench they watch the game -
The ball that rolls, the men who race,
Men who think they set the pace,
And forget that the clock ticks..
The game thickens, the blows fall,
As foul betrayal taints the green.

That's when, from a foot unseen
A ball soars up to find its dream;
The net is shaken wide awake
In a tremble of terrible ecstasy
As the ball rolls to rest at last
And nestles in its emptiness.
A goal is born, a Messiah too-
Once again, the keeper dies.

Our man who was sent to wait,
His game left unfinished-
He never saw the ball soar,
For he had strayed away too far.
A forsaken boot is all they found
Beside his jersey folded neat.
Upon the bench, cold and hard,
Under a faded christmas star,
The bench warmers, they still sit
Waiting.. waiting.. waiting.





BACKBENCH TO FRONT BENCH

Dr. S. R. Krishnamoorthy

Never my lady luck smiled at me even once for the back bench,
At least for a moment, entire schooling days parting my ways,
Front bench, teachers claim oft reserved for deserving bunch,
Changed for good in my college days, groups had their says,
Medical schools differed, day scholar becomes a bad scholar,
Nine scores of students to get a seat in front for the lecture,
Some speak into the mike, some not, making my life with fear,
Some write on the board, my eyes too trembling with tremor.
Suddenly I lost my eyes and ears, it seemed, my future in gloom,
Wept within in the isle of my hut, day scholar in me did retreat,
Gray's anatomy and Best and Taylor helped to solve the gloom,
Can see and hear all those near me, practically I had no regret.
My mates, very few had glasses, Oh! it struck me, my sight poor,
Had my eyes checked, my first visit to the eye hospital for cure,
Maiden meet with Snellen in disarray, missed many a line for sure,
Dark room, scopes flashed ,zoomed my eyes, confused all the more.
Never in my life, my thoughts then, will land in dark room forever,
Fourth year classes with Snellen again, dark rooms and ailments,
Professor taught us in detail, never knew the seeds sown forever,
Four years flew in gargantuan pace, with all minuses and plusses.
Dark room retinoscopy, even now, dry or wet or scissor shadows,
Thrills me at no end, autorefs,sciences may express their sigh
Promoting my myopic eyes, back bench to the front bench shows
Transforms an ordinary medico to the ophthalmic club, weighs high.









Dr. Juni Hari

Poised for the pause.

Dr. Natasha Radhakrishnan



So, I am definitely on the wrong side of fifty, if u put it that way and more and more, Iam realising that some things are not right at all... I mean, I get it, one should age gracefully and allow the lines to show and the rolls to roll and the jowls (and some other unmentionable b and b parts as well) to sag etc but how come no one ever told you "its going to be this way" (sorry, "friends", for lifting your jingle... it just sort of fit in by itself.)

I was never one of those" I love periods, they define me and make me a woman" kind of woman, to say the truth. A younger me used to mostly feel that I would be happier with this monthly bloody drip done away with and for the life of me I cannot understand why we were not given a sphincter there to control the outflow (imagine if we could just let it out like a poo or a wee, how easier life would have been)...must have been designed so that procreation would not be dependent on the will of the woman, me thinks and it is the price women paid for sustaining the human race!! I have always felt that this uncontrollable and unpredictable monthly passage was a rather petty and mean trick on the part of the creator!

But, coming back to the present, finally, now that it is showing signs of ebbing, let me warn you, you younger cribbing, "oh, damn, its come on again" types, "Periods are a breeze, Menopause is a fricking bitch!! " Read on to know whats in store for you.

You get transformed into a human version of Enid Blyton's Faraway tree's hot cold toffee..One minute you are calm and happy in an AC room with just the right ambient temperature and smiling kindly at the student or patient in front of you full of the milk of human kindness and the very next minute, you are literally dripping in sweat and transformed into a irritable grouchy monster... and you look around to get some fan working while people around you look at you like you have just landed from another planet. By the time the fan is switched on and you start to enjoy the breeze, the feeling is gone and you are left wondering why you put the fan on in the first place,and this is like.. several times a day...and off and on and unexpected like Kerala's summer showers!

Ah, periods, how I misunderstood and maligned you! Second is the damn metabolism. I always thought this was one thing that was on my side... just when the going got tough, my metabolism has decided to ditch me as well. While younger at a towering 5 ft 8 inches, I could eat anything..literally anything from parottas to cheese cakes to jalebis without a care for most of my life...my friend, a high metabolism wolud see to it that I would never gain weight...my mom has coaxed, pleaded, shouted at me to increase intake but try as she might and try as I might all those years never gained an inch, thanks to this lovely thing called high metabolism.. and now, what happens?


You can starve on a chapathi a day, skip one or even two meals, walk 6K everyday, dance, starve and what have you... just to find that the scales have had some kind of "weightus fixus" spell cast on it...not a division will it move. But just as you think, Ah, its been 5 days of near fasting, let me eat that chocolate or icecream....Bingo, the scale has found its life again but uh,oh, in the upward direction. Ah, Metabolism, et, tu, Brute.

To add to the woes, one finds that all this increases only in one area of the body, right down the middle where it already resembles a battlefield as a result of some rather extended weightbearing during the twins who were bonny babies of 2.4 and 2.6 kg and then Ammu who was a healthy 3.2. Ever since that, the battle of the bulge has always been a lost cause but that it would now take on waterloo proportions was never a point that I knew.

So, I decided ....its not going away, let me camouflage it. and of course with Zuckerberg's new algorithm, you can think tummy tuckers and tummy tuckers are dime a dozen on your social media feed, featuring unshapely women suddenly svelte and shapely with the help of this spandex thingy. And I set out to use the same to fool the world that the bulge was not an issue at all...Ah, again, foolish me. I dont know about those unshapely women but my unshapely shape is certainly not amenable to these spandex thingys. I could wear it tight enough to cause traumatic fat necrosis but the bulge would bulge from above the top end. And about those tummy tucker panties the less said the better...those who designed those were either men (particularly dumb ones)or pre child women with no concept of the vertical or horizontal extent of the bulge that results from child birth. They tuck in the lower part and the upper part bulges out grotesquely like a bag of tomatoes and then you decide, the discomfort is not worth it, might as well just let the flab have a free day to just hang there .

All this in addition to the sinking realisation that the joints are creaking when u climb up stairs, late nights give you terrible under eye bags, you can't see a thing without your glasses, failing grey cells ensure that half the time you are hunting for them because you have forgotten where you kept them, your hair is everywhere except on your head and the possibility of becoming bald in the near future looms as a distinct possibility, the family thinks you are getting crankier and worse still, discounts it as menopause with the classic rolling of the eyes.

Altogether, one can only think... No one told you that life is gonna be this way... I live and toil on in the eternal hope that its just so bad now, it can only get better from here. I won't talk to the older women because honestly, if there is a worse stage, I would rather not know. Let me hang on to hope and my rolls and sags.



Managing the Emotional Tightrope in Healthcare

Dr. Manasa S

As healthcare providers, we navigate a complex landscape of emotions daily. The journey is filled with moments of immense pride and satisfaction, yet it is also fraught with times of guilt and selfdoubt. This duality in our professional lives play a major role in shaping us as both caregivers and individuals.

The Joy of Healing

One of the most rewarding aspects of being in healthcare is witnessing the recovery of our patients. The joy of seeing someone regain their health, the gratitude expressed by patients and their families, and the tangible impact we have on people's lives provide profound satisfaction. These moments reaffirm our commitment to the profession, reminding us why we chose this path. They are the bright spots that illuminate our long hours of study, the sleepless nights, and the relentless dedication to our craft.

The Weight of Imperfection

However, the journey is not always smooth. Despite our best efforts and intentions, outcomes are not always favourable. The nature of medicine is such that we sometimes face the harsh reality of suboptimal outcomes. These instances are deeply unsettling, leaving us grappling with feelings of guilt and inadequacy.

The concept of the "second victim syndrome" aptly describes this phenomenon. When an adverse event occurs, healthcare providers often become the secondary victims, burdened by the emotional aftermath. We question our decisions, replaying events to identify what could have been done differently. This self-examination, while crucial for professional growth, can also lead to overwhelming guilt and anxiety.

Our intentions are always to provide the best care possible, but the unpredictable nature of health and illness means that perfection is an unattainable ideal. Accepting this reality is crucial for our mental and emotional well-being.

Support Systems and Coping Strategies


To manage these conflicting emotions, it is essential to cultivate strong support systems and healthy coping strategies. Peer support, mentorship, and open discussions about the emotional challenges of our work can alleviate some of the burdens we carry. Additionally, seeking professional counseling when needed should be normalized, as mental health care is as vital for us as it is for our patients.

1. Peer Support and Mentorship: Engaging in regular discussions with colleagues and mentors can provide emotional support and perspective. Sharing experiences can normalize feelings and reduce isolation.
2. Professional Counseling: Seeking help from mental health professionals can provide a safe space to process emotions, develop coping strategies, and prevent burnout.

3. Mindfulness and Meditation: Practicing mindfulness and meditation can help in managing stress, improving emotional regulation, and maintaining a sense of calm amid the pressures of medical practice.
4. Work-Life Balance : Prioritizing a healthy work-life balance by setting boundaries, taking regular breaks, and ensuring time for hobbies and personal interests can prevent burnout and maintain overall well-being.
5. Regular Physical Activity: Engaging in regular exercise can reduce stress, improve mood, and enhance physical health, contributing to better emotional resilience.
6. Reflective Practice: Keeping a journal to reflect on daily experiences can help in processing emotions, identifying stressors, and finding meaning in both positive and challenging experiences.
7. Continuing Education: Staying updated with medical knowledge and skills through continued education can build confidence and reduce anxiety related to clinical decision-making.
8. Developing a Supportive Work Environment: Encouraging a culture of open communication and mutual support within the workplace can foster a more positive and collaborative environment.
9. Engaging in Hobbies and Creative Outlets: Pursuing hobbies and creative activities outside of work can provide a sense of accomplishment and a mental break from the stresses of the medical profession.
10. Setting Realistic Expectations: Understanding that medicine is an inherently uncertain field and accepting that not all outcomes can be controlled can reduce self-imposed pressure and guilt.
11. Participating in Support Groups: Joining support groups for healthcare professionals can provide a community of individuals who understand the unique challenges of the profession.
12. Practicing Self-Compassion: Being kind to oneself, acknowledging the difficulty of the job, and accepting the reality can improve emotional well-being and resilience. By incorporating these strategies, doctors can better navigate the emotional complexities of their profession and maintain a healthier, more balanced approach to their work and personal lives.

Moving Forward

In acknowledging and addressing these emotions, we can foster a more compassionate and resilient healthcare environment. By sharing our experiences, we create a culture where these emotions are recognized and respected.
The life of a healthcare provider is a balancing act of conflicting emotions. Embracing both the pride in our successes and the lessons from our challenges allows us to grow both personally and professionally. It is this balance that ultimately makes us better caregivers and more empathetic human beings. This not only benefits us as healthcare providers but also enhances the quality of care we deliver to our patients.



രാജസൂര്യൻ

ഡോ. ലക്ഷ്മി ജി


കുന്നിൻമുകളിലായ് പൊൻസൂര്യൻ
മുത്തുക്കുടച്ചൂടും വാർമഴവില്ല്
വെൺചാമരം വീശാൻ മേഘവൃന്ദം
താലമൊരുക്കുന്നു താരകങ്ങൾ
ചുവടിടാൻ മാരുതനീണമിട്ടു
കൊമ്പും കുഴലുമായ് മുളംകാടുകൾ
കൊയ്ത്തുകഴിഞ്ഞ വയലിലെ നെൻമണി
കൊത്തിയെടുക്കാൻ പനംതത്തകൾ
ഓടിക്കളിക്കും കുരുന്നുകളുണ്ടീ
വരണ്ടൊരു പാടത്തിന്നൊച്ചവെക്കാൻ
വാർമതി വിളക്കുതെളിക്കുന്ന മാത്രയിൽ
വീട്ടിലേക്കോടീ പൈതങ്ങളെല്ലാം
ചിറകടിച്ചുയരുന്ന പറവകളോഞ്ഞൊടിയിൽ
ദൂരെ ദൂരെ ശ്യാമരേണുക്കളായ്
വിടചൊല്ലി മറയുന്ന നേരമങ്ങരുണന്റെ
വദനത്തിൽ ആഹ്ലാദച്ചിരി നിറയേ
ശരത്കാല പുഷ്പങ്ങൾ രാജനെവാഴ്ത്തി
കൈകൂപ്പുന്ന നേരമാ മതി വിടരും
നിദ്രമുറിഞ്ഞതും രാജസൂര്യന്
തിരിഞ്ഞെല്ലാം സ്വപ്നം മാത്രമെന്ന്
അംബരം പൂകി മാളികാവിന്യാസം
മുന്നിലുണ്ടന്നേരം കുന്നുകളില്ല കുരുന്നുകളും...



Sreekanth

The Lo. Vo. Ho
Saga of Sight

Dr Devi Karthya



LOSS

Sacred cradle of sight, a perfect 'pear' physique
An untampered silhouette, nurturing light inside
Faithfully the lid gates would open and close
Daily myriad colour festivity to host!
One day, a white wicked grin glinted, behind
Sending shiver down the apex. Call it 'fate'?
Bursting agony. Turmoil. Catastrophe.
"This necessitates Enucleation", they state.

VOID

Deprived of purpose, in depths of despair
In realms of guilt, unfulfilled promise is but pain.
Several haunting, hollow scream's echoes
Where opulent dreams once thrived..
When days and nights never mean to differ by
Salty drops fall from side, gravity you never lie!
Future seems bleak, when darkness reside
Decide to endure, or better plan to hide?

HOPE

A magical incantation to transform yearning
"Orbital implant, prosthetic eye", a rekindling.
Immortal crafts by mortal ingenuity
Silicon, never simple; now a symbol,
Of resilience. Battle on with perspectives straightened.
While looking into the face of failure, smile brightened!
Comrade, replace the 5th sense, from vision to intuition,
Its not for sight, agreed, but to gain precious insight!

ഡോ. ആർ.ആർ. വർമ്മ

നിനക്ക്

എനിക്ക്
നക്ഷത്രമാകേണ്ട;
നിന്റെ
കണ്ണിലെ തിളക്കമായാൽ മതി.

എനിക്ക്
പനിനീർപ്പൂവാകേണ്ട;
നിന്റെ
കവിളിലെ നുണക്കുഴിയായാൽ മതി.

എനിക്ക്
വേറൊന്നും വേണ്ട;
നിന്റെ
ചങ്കിലെ ചിന്തയായാൽ മതി.





മണ്മറഞ്ഞു പോയ പ്രിയസൗഹൃദങ്ങൾക്കായ്

സമർപ്പണം

ഡോ. ജയശ്രീ ഇന്ദിര

പടർന്നു പന്തലിച്ചൊരു
മഹാമേരു പോലെ
തണലേകിയിരുന്നു
നിൻ ധന്യജീവിതം

കാലവർഷപെയ്തിൽ
നിറഞ്ഞൊഴുകും പുഴ
പോലെ തുളുമ്പിയിരുന്നു
നിൻ സ്നേഹം

ഒരു കുടക്കീഴിൽ നനഞ്ഞ
ചാറ്റൽ മഴപോലെ
കുളിരേകിയിരുന്നു
നിൻ സൗഹൃദം

അരികിലില്ല
നീയിന്നെങ്കിലും
അറിയുന്നു നിൻ
സൗമ്യ സാന്നിധ്യമെന്നും

അകാലത്തിൽ മാഞ്ഞു
നീയെന്നാലും
മറക്കാനാവില്ല ഹൃദ്യമാം
നിൻ ചിരിമൊഴികൾ

ഒന്നായ് കണ്ട
ഒരു പാട് സ്വപ്നങ്ങളും
ഒരുമിച്ചനുഭവിച്ച
ഒരു പിടി ദുഃഖങ്ങളും
ഒരു പോലെ താണ്ടിയ
വഴിദൂരങ്ങളും
പ്രിയതരമാം സ്മരണകളായ്
ഉള്ളം നിറയ്ക്കുന്നു

ഓർമ്മയായിന്നു
നീയെങ്കിലുമിനിയും
ഒരിക്കൽ കൂടികാണാൻ
കഴിഞ്ഞെങ്കിൽ
ഒരു വാക്ക് മിണ്ടാൻ പറ്റിയെങ്കിൽ
ഒരു മാത്ര
ഒന്നിച്ചിരിക്കാനായെങ്കിൽ
വല്ലാതെ മോഹിച്ചു പോകുന്നു

ഹൃദയത്തിനുള്ളറകളിൽ
നിന്നുറവയെടുക്കുമീ
സ്നേഹാശ്രുക്കളാൽ
അർപ്പിക്കട്ടെ ഒരിക്കൽ കൂടി
ബാഷ്പാഞ്ജലികൾ

കെചക്... കെചക്

ഡോ. ആർ. ആർ. വർമ്മ

ബാലിനീസ് നൃത്തത്തിന്റെ ലാസ്യം, ജിംനാസ്റ്റിക്സിന്റെ ചടുലത, തെരുവുനാടകത്തിന്റെ പ്രേക്ഷകരുമായുള്ള 'കണക്റ്റ്'... ഇതാണ് ബാലി ദ്വീപിന്റെ 'കെചക്' നൃത്തം. രാമായണമാണ് അടിസ്ഥാനം. ബാലിനീസ് പ്രാദേശിക ഭേദങ്ങളോടു കൂടിയ രാമായണം.

രാമൻ, സീത, ലക്ഷ്മണൻ, രാവണൻ, മാരീചൻ, ഭഗവാൻ (സന്യാസിരൂപത്തിലെ രാവണൻ) ത്രിജട ഒക്കെയുണ്ട് ഞാൻ കണ്ട ഭാഗത്തിൽ. സംഗീത ഉപകരണങ്ങൾ ഇല്ല. 70 പേരുള്ള ഒരു ഗായക/ നൃത്ത സംഘമാണ് 'കെചക്, കെചക്' എന്ന വായ്ത്താരിയിലൂടെയും, ചുകന്നതാടിയുടെ പോലത്തെ ചില ശബ്ദങ്ങളിലൂടെയും പശ്ചാത്തലം ഒരുക്കുന്നത്. സമുദ്രവും, കാടും, ലങ്കയും, എല്ലാം അവരുടെ ശബ്ദ നൃത്ത വിന്യാസങ്ങളിലൂടെ സൃഷ്ടിക്കപ്പെടുന്നു. സംഘം വട്ടത്തിൽ ഇരുന്നാൽ ഒരു പൂജാരി വന്ന് ഒരു പാത്രത്തിലെ തീർത്ഥം എല്ലാവരുടെ മേലും തളിക്കുന്നു. രാമൻ, ലക്ഷ്മണൻ, സീത എന്നിവർ ലാസ്യം നടിക്കുന്നു. രാവണനും (അനുചരന്മാരും) ഹനൂമാനും കൂടുതൽ ചടുലമായ ചലനങ്ങളാണ്.

ആദ്യം ഒരു 6–7 മിനിറ്റ് ഗായിക/ നൃത്ത സംഘത്തിന്റെ പല formations ആണ്. വായ്ത്താരിയുടെ അകമ്പടിയും ഉണ്ട്. പിന്നെ സീതാരാമന്മാർ ലാസ്യഭാവത്തിൽ ആടുന്നു. മാനിന്റെ ഭാവഹാവാദികളോടെ മരീചൻ എത്തുന്നു. മേഞ്ഞു നടക്കുന്ന മാനിന്റെ അടുത്തേക്ക് സീത എത്തുമ്പോൾ ഒരു വന്യ മൃഗത്തിന്റെ ചേഷ്ടകളോടെ മാൻ ചാടി മാറും. പിന്നെ രാമൻ മാനിനെ പിടിക്കാൻ പോകുന്നു. ലക്ഷ്മണൻ സീതക്കു ചുറ്റും വര വരയുന്നു. രാവണൻ വരുമ്പോൾ രേഖ മറി കടക്കാനാവുന്നില്ല. പോയി 'ഭഗവാൻ' ആയി സന്യാസി ഭാവത്തിൽ വരുന്നു. വെള്ളം ചോദിക്കുന്നു. സീത ലക്ഷ്മണരേഖക്കു പുറത്തെത്തുമ്പോൾ പിടിച്ചു കൊണ്ടു പോകുന്നു.

രാമനും ലക്ഷ്മണനും കൂടി വാനരരാജാവിനെ കാണുമ്പോൾ ഹനൂമാൻ സദസ്സിന്റെ ഒരു ഭാഗത്തുനിന്നും വരും. ചാടിക്കളിച്ചും, 'കുരങ്ങത്തം' കാട്ടിയും സദസ്സിനെ രസിപ്പിക്കും. കുട്ടികളെ എടുക്കും അവർക്കൊപ്പം കളിക്കും; കഷണ്ടിക്കാരുടെ തലകൾ തടവും. സദസ്സിന്റെ കവാടത്തിലെ തൂണിൻ മുകളിൽ ചാടിക്കയറുക, ഊർന്നിറങ്ങുക തുടങ്ങിയ അഭ്യാസങ്ങളും ഉണ്ട്.

പിന്നെ നൃത്തസംഘം ഒരു കടലായി മാറും ഹനുമാന് ചാടിക്കടക്കാൻ. അശോകവനികയിൽ സീതയും ത്രിജടയും. ഹനുമാൻ മുദ്രമോതിരം സമർപ്പിക്കുന്നു. രാക്ഷസന്മാർ ഹനുമാനെ ബന്ധനസ്ഥനാക്കി വാലിൽ തീ കൊളുത്തുന്നു. ചുറ്റും വൈക്കോൽ കുണ്ടകൾ. അവക്കെല്ലാം തീ കൊടുത്ത് തട്ടിത്തെറിപ്പിച്ച് അദ്ദേഹം മടങ്ങുന്നു. പിന്നെ രാമനൊപ്പം വന്നു രാവണ/ കുംഭകർണ്ണ വധം. അവസാനം പട്ടാഭിഷേകം.


രണ്ടായിരത്തിലധികം വരുന്ന കാണികൾ യാതൊരു അപശബ്ദവും ഉണ്ടാക്കാത്തെ ബദ്ധശ്രദ്ധരായിരുന്നു കണ്ടു. 10–15 നിലകളിൽ വട്ടത്തിൽ ഒരു ഗ്യാലറിക്കു നടുവിലെ അരങ്ങിലാണ് നൃത്തശില്പം. പന്തങ്ങൾ മാത്രം വിളക്കുകൾ. പശ്ചാത്തലത്തിൽ കടലിന്റെ ഇരമ്പം. ആകെ വന്യമായ, പൗരാണികമായ ഒരു അന്തരീക്ഷം.

11–ാം നൂറ്റാണ്ടു മുതൽ വേരുറച്ച ഹിന്ദു സംസ്കൃതിയുടെ ഉജ്ജ്വലമായ കലാവിഷ്ക്കാരം.









CAT HAS MANY LIVES, SO TOO THIS CAT HAS MANY WAYS

Dr. S. R. Krishnamoorthy

Oft upon the couch I lay still ruminating in lazy thought,
Nucleus of the thought centered all round the hard way,
What cataract to me in life and thoughts indeed taught,
All these years why did the stubborn bag keep me at bay.
Dying decades of last century, gave birth to a golden era,
Advent of intraocular lenses, walloped in awe one and all,
Posteriors, anteriors, choice designs and what a plethora!
Visually changed the cataract of ocular surgeons as well.
Hard silicones, or foldables or the new multi focal lenses,
Sutures held or withheld, heralding a shortened incision,
Small to micro or minute or the recent painless, prick less.
Dramatic visual resolution, oh! what a bloodless revolution.
Gone are the days of six weeks, awaiting for the recovery,
Horizon now wider, incision meaner, sharper visual acuity,
Phaco emulsification, name and fame long , they all brag,
Trenching ,dividing and conquering the lens all in the bag.
Clear corneal entry, a Femto second Laser capsulotomy,
FLACS fragments the sick lens, helping a quick recovery,
What war the future beholds the sick lens, none can wag,
Yet CAT can't be dissolved, has to be taken out of the bag.

ശേഷം.

കാലമാം മാന്ത്രികനെന്നെ വിളിച്ചൊരു
നീല യവനികക്കപ്പുറമാക്കിയാൽ
ബാക്കിയായെന്റെയെന്തുണ്ടാകുമോർമ്മകൾ?
ചിന്തകൾ? മോഹങ്ങൾ? മോഹഭംഗങ്ങളോ?
ഈ പുസ്തകങ്ങൾക്കിടയിലദൃശ്യമാം
സാന്നിദ്ധ്യമായവയൂറി നിന്നീടുമോ?
സാഗരം പോലെ, വിഹായസ്സുപോലെ ഞാൻ
മാറിയുമെങ്കിലും മാറാതെ നിൽക്കുമോ?
ജീവിച്ചിരിക്കവേ ചെയ്ത കർമ്മങ്ങള-
ന്നില്ലാത്ത ചേതന തന്നെ ഞെരുക്കുമോ?
കാറ്റിലനങ്ങാത്ത നാളം കണക്കു
ഞാനാക്കൂരിരുളിലനങ്ങാതെ നിൽക്കുമോ?
എങ്കിലന്നെന്നെയിടക്കോർമ്മ തോന്നിയാ-
ലീ മുറിയിൽ വന്നുറക്കെ വിളിച്ചിടൂ.

ഡോ. ആർ. ആർ. വർമ്മ








പൊന്നാമ്പൽ പുഴയിറമ്പിൽ...

ഡോ. ദീപ എം ജി

ചെറുപ്പം മുതൽ എന്റെ റൊമാന്റിക് ബിംബങ്ങളിൽ വളരെ വലിയ ഒരു സ്ഥാനം ഉള്ള ഒന്നാണ് ആമ്പൽ പൂക്കൾ. പ്രൌഢിയിലും, സൗന്ദര്യത്തിലും, സ്വീകാര്യതയിലും ഒക്കെ മുന്നിൽ എന്ന് കരുതപ്പെടുന്ന താമരയെക്കാൾ എനിക്ക് എന്നും ഈ ലോലയും, തൊട്ടാവാടിയും, സാധുവും ആയ ആമ്പലിനോട് ഒരു സ്നേഹക്കൂടുതൽ ഉണ്ട്. എല്ലാവരും ഉറങ്ങുന്ന രാവിൽ സ്വന്തം ചന്ദ്രന് വേണ്ടി പൂത്തുലഞ്ഞു തെളിഞ്ഞു ചിരിക്കുന്ന നെയ്യാമ്പൽ പൂവ്. താമര നന്നായി തലയുയർത്തി നിൽക്കുന്ന ഒരു established സുന്ദരി ആണേൽ ആമ്പൽ തെല്ലു പരിഭ്രമത്തോടെ ലജ്ജയിൽ കുതിർന്നു, കൂമ്പാൻ വെമ്പി നിൽക്കുന്ന ഒരു introvert സുന്ദരി ആയിട്ടാണ് എനിക്ക് തോന്നാറ്.എന്നാൽ ഇവളുടെ യഥാർഥ സൗന്ദര്യം മേലെ വിണ്ണിൽ നിന്നു കണ്ണെറിയുന്ന അനുരാഗ വിലോചനനോളം ആർക്കാറിയാൻ. നിലാവുള്ള രാത്രികളിൽ നിറയെ പൂക്കൾ നിറഞ്ഞ ഒരു കുളത്തിനരികിൽ അവരുടെ സല്ലാപവും കണ്ടിരിക്കുക എന്നത് എന്റെ പകൽ കിനാവുകളിൽ പലപ്പോഴും വന്നിട്ടുള്ള ഒരു നടക്കാത്ത സ്വപ്നമാണ്. അങ്ങനെ ഇരിക്കുമ്പോഴാണ് ഏക്കർ കണക്കിന് ആമ്പൽ പാടങ്ങളാൽ നിറഞ്ഞ ഒരു ഗ്രാമത്തെ പറ്റി കേൾക്കുന്നത്. Social media വീഡിയോകളും ഫോട്ടോയും കണ്ടു ഞാൻ വെള്ളമിറക്കാൻ തുടങ്ങിയിട്ട് കൊല്ലം മൂന്നായി. പക്ഷെ ഇത് വരെ പോക്ക് നടന്നില്ല. മഴ, ജോലിതിരക്ക്, അങ്ങനെ പാരാധീനങ്ങൾ ഒഴിഞ്ഞു വരുമ്പോഴേക്കും പൂക്കളുടെ സീസൺ കഴിയും. പക്ഷെ ഇത്തവണ ഭാഗ്യം തുണച്ചു.







അങ്ങനെ ഇന്ന് ഞാൻ ആ പൂപ്പാടത്തിലേക്കെത്തി. Tourist hub ആയ കുമാരകത്തു നിന്നു 7km മാറി ഉള്ള മലരിക്കൽ എന്ന തനി ഗ്രാമത്തിൽ. പേര് അന്വർത്ഥമാക്കും പോലെ 300ലധികം ഏക്കറിൽ ഒരു പിങ്ക് പരവതാനി പുതപ്പിച്ചത് പോലെ ആമ്പൽ പൂക്കൾ നിറഞ്ഞു കിടക്കുന്ന മലരിക്കൽ. രാവിലെ തെളിഞ്ഞു നിന്ന അന്തരീക്ഷത്തിൽ തണ്ണീർ മുക്കത്തെ മനോഹരമായ പ്രഭാത കാഴ്ചയും കണ്ടു അവിടെ എത്തി. വള്ളത്തിലോട്ടു കയറിയതും മഴ ചാറി തുടങ്ങി. മനസ്സ് ഇടിഞ്ഞു. ഫോട്ടോ, video ഒക്കെ കുളമാകുമല്ലോ. പക്ഷെ വെള്ളത്തിലും, പരന്നു കിടക്കുന്ന ആമ്പൽ ഇലകളിലും, പൂക്കളിലും ഒക്കെ മെല്ലെ നൃത്തം വെച്ചു കൊണ്ടു വീഴുന്ന മഴത്തുള്ളികൾക്കിടയിലൂടെ ചാറ്റൽ മഴയും നനഞ്ഞു ആകെ കുളിർന്നുള്ള ആ പുലർകാല വഞ്ചി യാത്ര അവിസ്മരണീയമായ ഒരു അനുഭവം ആയിരുന്നു. കുറേ ഉള്ളിലേക്ക് തുഴഞ്ഞു വള്ളക്കാരൻ ചേട്ടൻ ഞങ്ങളെ വിശാലമായ ഒരു ഏരിയയുടെ നടുവിലെത്തിച്ചു. കണ്ണെത്താ ദൂരത്തോളം ഭ്രാന്തമായി പൂത്തു നിറഞ്ഞു കിടക്കുന്ന പിങ്ക് പൂക്കൾ, അവയെ താങ്ങുന്ന പച്ച ഇലകളുടെ contrast വെള്ളത്തിൽ, ആകാശത്തിന്റെ നീലിമ മുകളിലും ചുറ്റും. പ്രകൃതിയേക്കാൾ വലിയ ക്യാൻവാസും സൃഷ്ടാവിനെക്കാൾ വലിയ കലാകാരനും ഇല്ലെന്നു ഒന്ന് കൂടി ഓർമിപ്പിച്ച ഒരു മായിക നിമിഷം. വള്ളത്തിന്റെ ബാലൻസ് ശ്രദ്ധിക്കേണ്ട തിനാൽ വലിയ കളികൾ ഒന്നും നടക്കില്ല. അത് കൊണ്ടു adjust ചെയ്തു പറ്റുന്ന പോലെ ആവോളം പടങ്ങൾ ഒക്കെ എടുത്തു കൂട്ടി. എന്നിട്ട് ഫോണിലും, അതിലും മനോഹരമായി മിഴിയിലും മനസ്സിലും പതിഞ്ഞ കാഴ്ചകളെ മഴ ഒഴുക്കി കളയാതെ ഓർമകളാക്കിയ കുടയും ചൂടിച്ചു ഭദ്രമാക്കി തിരിച്ചു പോന്നു. തിരികെ വീട്ടിലെത്തിയിട്ടും മനസ്സിലാകെ തിരയിളക്കമാണ്... കാറ്റിൽ മെല്ലെ തലയാട്ടി നിൽക്കുന്ന അല്ലിയാമ്പൽപ്പൂക്കളുടെ... അവയുടെ പ്രണയസല്ലാപങ്ങളുടെ... ദൈവമേ നന്ദി, നീ സാധ്യമാക്കുന്ന ഇത്തരം കാഴ്ചകൾക്കും, അനുഭൂതികൾക്കും.





ഉറുമ്പ്

ഡോ. സഫി ജോസ് സി

ഞങ്ങളെല്ലാവരും കൂടെ ആ പാത്രത്തിൽ നിന്ന് പഞ്ചസാര ശേഖരിക്കുകയായിരുന്നു.പാത്രത്തിന്റെ വശത്തിലുള്ള ചെറിയ ദ്വാരത്തിലൂടെയാണ് ഞങ്ങൾ അതിൽ കയറിയത്. പെട്ടന്നാണ് അത് സംഭവിച്ചത്, പാത്രത്തിൽ വല്ലാതെ വെളിച്ചം കയറിയിരിക്കുന്നു, അതിന്റെ മൂടി ആരോ തുറന്നിരിക്കുന്നു. അയ്യോ എന്റെ പാത്രത്തിൽ ഉറുമ്പ് കയറിയല്ലോ എന്ന അലർച്ചയോടെ ഒരു കൊടുംകാറ്റ് വന്നു. ഞാൻ പറന്ന് ഉയർന്നു പോയി. എന്താണ് സംഭവിക്കുന്നത് എന്ന തിരിച്ചറിവ് വന്നപ്പോൾ, ഞാൻ നല്ല മിനുസമുള്ള, തെന്നലുള്ള ഒരു പ്രതലത്തിലായിരുന്നു. വീണു പോകാതിരിക്കാൻ ഞാൻ മുറുകെ കടിച്ച് പിടിച്ചു. എന്റെ കണ്ണിൽ ഉറുമ്പ് പോയേ എന്ന് നിലവിളിയോടെ എന്റെ മുകളിലേക്ക് ഒരു കനത്ത ഭാരം വന്ന് വീണ് എന്നെ ഞെരിച്ച മർത്തി.എന്റെ ആത്മാവ് ശരീരത്തിൽ നിന്നു വേർപെട്ടു. ഇപ്പോൾ എനിക്ക് എല്ലാം വ്യക്തമായി കാണാം.

അവരുടെ കണ്ണിൽ നിന്ന് എന്റെ ശരീരം പുറത്ത് എടുക്കാൻ അവർ വളരെ തന്ത്രപ്പെടുന്നു, കഴുകുന്നു, തുടക്കുന്നു, തൂവാല കൊണ്ട് തോണ്ടി എടുക്കാൻ ശ്രമിക്കുന്നു. പക്ഷേ അവർ പരാജയപ്പെട്ടു. ഇതെല്ലാം കഴിഞ്ഞപ്പോൾ മരണാനന്തര ബഹുമതിയോടെ എന്നെ ചുവന്ന പരവതാനിയിൽ കിടത്തിയപോലെ ഉണ്ടായിരുന്നു. ചത്തിട്ടും എന്റെ കടി വിടുവിക്കാൻ അവർക്ക് കഴിഞ്ഞില്ല എന്ന് കണ്ടപ്പോൾ എനിക്ക് അഭിമാനം തോന്നി.

എന്നെ കണ്ണിൽ നിന്ന് പുറത്ത് എടുക്കാൻ അവർ ആശുപത്രിയിൽ പോയി, കൂടെ ഞാനും. ഒരു യന്ത്രത്തിൽ അവരുടെ തല ഉറപ്പിച്ചു വച്ച്, നല്ല വെളിച്ചം വിതറി, ഡോക്ടർ എന്നെ വീക്ഷിക്കുന്നത് ഞാൻ കൗതുകത്തോടെ നോക്കി. അതാ ആ ഡോക്ടർ എന്റെ ചിത്രം ക്യാമറയിൽ പകർത്തി. ആദ്യമായും അവസാനമായും എന്റെ ചിത്രം ക്യാമറയിൽ പതിയുന്നത് കണ്ട് ഞാൻ സായൂജ്യമടഞ്ഞു. ഡോക്ടർ ഒരു ദ്രാവകം അവരുടെ കണ്ണിൽ ഒഴിച്ചു, ജീവൻ ഉണ്ടായിരുന്നെങ്കിൽ എനിക്കും നീറീയേനേ എന്ന് ഉറപ്പിക്കുന്ന പ്രകടനം ആയിരുന്നു അവരുടെ.

പിന്നീട് അവരുടെ നീറ്റൽ മാറിയപ്പോൾ ചെറിയ ഒരു ചവണ പോലത്തെ ഉപകരണം കൊണ്ട് ഡോക്ടർ എന്റെ ശരീരം കണ്ണിൽ നിന്ന് പുറത്ത് എടുത്തു. അവരുടെ കണ്ണിലെ തൊലിയുടെ ചെറിയ അംശം അപ്പോഴും എന്റെ വായിൽ ഭദ്രമായി ഇരിപ്പുണ്ടായിരുന്നു. എന്റെ ശരീരം അവർ വിശദമായി പരിശോധിക്കുന്നത് കാണാൻ നിൽക്കാതെ ഞാൻ പറന്നുയർന്നു.

ആനവണ്ടിയിലെ കാഴ്ചകൾ

ഡോ ബിജു ജോൺ സി



തൊഴിലിടത്തേക്കുള്ള പതിവ് കാർയാത്ര,
അപൂർവ്വം ചിലപ്പോൾ കാർ പൂളിലെ
മറ്റംഗങ്ങൾ വരാത്തതിനാൽ,
KSRTC യിൽ ആക്കേണ്ടി വരാറുണ്ട് .

ആനവണ്ടിയിലന്നൊരുനാൾ ഞാനാസനസ്ഥനായ് രാവിലെ
ആവലാതികളോടിയെത്തിയാക്രമിച്ചെൻ മനസ്സിനെ

ആരവങ്ങളുമനിലനും അംബരത്തിലെ കാഴ്ചയും
അകമ്പടിയാരുണകിരണതാപവും ധൂളിയും

അനിഷ്ടമിത്തിരിതോന്നിയോ, തോഴരോടവരുണ്ടെങ്കിൽ
കാറിനുള്ളിലെ ശീതളിമയിൽ യാത്രയിന്നും തുടർന്നേനെ

ഏറെനാളുകളായി സർക്കാർ ശകടമൊന്നിലൊന്നേറിയിട്ട്
ഏറെ നേരം യാത്രയുണ്ടു ഞാനാണ്ടു ചുറ്റിലെ കാഴ്ചയിൽ

കണ്ണുകളോ ചെന്നുവീണു, ചഞ്ചലമിരുമിഴികളിൽ
ചന്ദനത്തിൻ വർണ്ണ മേലും മഞ്ഞുളാംഗിയൊന്നതാ

ചന്ദ്രികാർച്ചിത രാവിലെ രാപ്പാടി പോൽ മൊഴിയുന്നു കേൾ
'ടിക്കറ്റെടുക്കണേ ചേട്ടാ ചൊല്ലൂ യാത്രയെങ്ങോട്ടാണെന്ന് '

വിസ്മയത്തോടാദരവോടവളെ നോക്കി പുഞ്ചിരിച്ചൊരു
നൂറു രൂപാ നോട്ടു വെച്ചാ പേലവമാം കരതലത്തിൽ

കാര്യനിർവ്വകയാണ് തന്വിയാവൻശകടത്തിൻ നായിക
കാലമവളെയെത്തിച്ചതീ ശ്രമകരമാം വേലയിൽ

കമ്രമോഹന വദനത്തിലെ കാമ്യസ്മിതം മായാതെ
കൂവളമിഴിയിണകളിലെ തിളക്കമൊട്ടും ചോരാതെ

കങ്കണാഞ്ചിത കൈകളിലെ ഗാനമാധുരി കുറയാതെ
നൂപുരങ്ങൾ കൊഞ്ചും കണങ്കാലിൻ ക്ഷീണമറിയാതെ

യാത്രികരെ കയറ്റിയിറക്കി, യാത്രക്കൂലി വാങ്ങിയും
മണിച്ചരടാൽ സാരഥിയ്ക്കായ് സന്ദേശങ്ങൾ കൈമാറിയും

മത്സ്യ കന്യക പോലെയവളാജനതതിയിലൂടൂളിയിട്ടാ
യാനത്തിന്റെയതിരുകളെ കീഴ്പ്പെടുത്തി നടന്നിടുന്നു .

തൈയലാൾക്കായ് നീക്കി വെച്ച ലളിത പീഠം കേഴുന്നു
'അഹല്യയാമെനിക്കു നീ നിൻ സ്പർശനത്താൽ മോക്ഷമേകൂ'

നോക്കിയില്ലാഭാഗത്തേക്കവൾ, നോക്കിയെന്നെ വീണ്ടുമൊരു
മധുരസ്മിതത്താൽ തഴുകി, വന്നണഞ്ഞു ചാരെ

തേനുലാവും പുഞ്ചിരിയെൻ മനം കുളിർപ്പിച്ചെങ്കിലും
ശങ്കയുണ്ടയോമലാളറിഞ്ഞുവോ എൻചിന്തകൾ

ശങ്കമാറിമങ്കയുടെ പങ്കമില്ലാതേൻമൊഴിയാൽ
'ബാക്കി വേണ്ടേ? ചേട്ടായങ്ങേക്കിറങ്ങുവാൻ സമയമായ്

സസ്മിതം ബാക്കി തന്നു, വാർമുടിയാൾ നടന്നു നീങ്ങി
ബാക്കിയായി ഞാനുമാ – യാത്രതൻ സുഖസ്മൃതികളും

കർമ്മഭൂമിയെ സ്വർഗ്ഗമാക്കും കോമളാംഗി നീയെൻവിരസ
യാത്രയെയും സരസമാക്കി, സ്വീകരിക്കെൻ ഭാവുകങ്ങൾ

അമ്മയായി ഭാര്യയായി സ്നേഹമുള്ള മകളുമായ്
ദീപ്തമാക്കി നീ നയിക്കും കുടുംബയാനം പോലവെ

അഷ്ടിതേടി ക്ലിഷ്ടതകൾ സഹിച്ചു നീ ഹർഷമോടെ
നയിക്കുമീ യാത്രയാനമേകുമെന്നും സുകൃത വൃഷ്ടി

കാറിലെന്നും യാത്ര ചെയ്യും തോഴരേയറിക നിങ്ങൾ
കാറൊഴിഞ്ഞ മാനം പോലാണാനവണ്ടിലെ കാഴ്ചകൾ

Unleashing Purgatory

Dr. Mini Mathew

Rubbles of variegate sizes falling on either side , was jostled down in the waves of water flowing through my hair.....
What was this.... A journey into the past? A dream in the wee hours? 2 hours had barely passed since I had laid my head to sleep....
Thudddd... A stone banged on my leg
Was literally in the middle of a mud tornado....
Had to pinch myself several times.... Was i being thrown into the burning cauldron??? Started fervently reciting my prayers....
Maybe had suffered a silent cardiac arrest....
Was i on my way to eternity?
Was this the oft heard doomsday??
Ouchhhh! Something hit me straight on my head. ... Aghast to see the face of
Meenukutty with her beautiful nail polished hand, how did my little neighbour reach my bedroom??
Her cry for amma shrieking through my ears.....
Pulling her close... Wrapping her to my neck, I followed pace with whatever was happening....
Still reciting all the prayers in my mind..... Finally tried to see thru the fog of mud and slime.....
Granny????? Where is she? Frantically called out..... No response....
My head throbbing , blood flowing from a wound on my scalp... I passed out....

The warmth of the morning sun brushed my senses,pushed me out of the board of slumber..
Where was I? Was the night mare over??? Meennookutty! I called out lustily.... To no avail...
On my legs, with my bandaged head throbbing,started running through the makeshift camp.....
Where was I? What was happening?
Could not place the pieces... My home? My garden?? Had worked so hard as a nurse at UK to build up my beautiful home! To pay off the loan of my studies!! Absolutely nothing in sight! Couldnt believe this!
Rushing through the endless beds of disbelief and sorrow ,was relieved to place granny, she seemed to be in a single piece....
Pulling her close,we locked ourselves as if never to lose each other again....
Another tragedy... She cried... Destiny played a lousy game once more.... Only two years back, I had lost my parents in a major landslide.... We had hardly begun the process of rebuilding!!!!
Suddenly the cries of Sally aunty rang close.... “Meenukutty... My dear!! Wake up !....”

Turned round in disbelief to see the listless body of the lass who had hung to me...

Letting go of granny..... Got hold of aunty,,,,, tearing her off from her babys body.....Both of us broke into inconsolable tears...

It was the beginning of a saga ,one of consolation and companionship.... A saga of strangers becoming family.... A saga of unbelievable pain.... A saga of disbelief and destruction.....

Reaching out, holding hands,, sharing food and strength.... The day went on...

As the midday rays shone strongly through the clouds, the news of the Wayanad disaster pierced our hearts and we were shaken again to reality.....

With so much of work to be done.... I didnt have time for tears.... With my nursing instinct back to place.... Ran from corner to corner.... Fixing, mending,,, covering,, embracing,,

As dusk set in..... More were rescued, more bodies were discovered.... Media, army, navy, firefighters all pitching it....

Thrust by the ocean of humanity around.... All joined hand in hand to save the ailing heart, to lend a breath of air to the dying, to bury the dead, to hold a trembling hand. My serene villagers had turned overnight to an extended family.

Amidst my loiter down the alley of nursing care...I saw her... Lost in her world... Her eyes calling for help...The semblance not of South India... Could it be her???? Had heard the breaking news... With snaps of the two couples from Orissa... They were missing... Had come down to enjoy the cool of God's own country.....

Gently prodding in the little hindi I could muster,I slowly drew her out of her solitude... Her deep despair... To hear the story of her irreparable loss.... A loss never to be filled....

The story continues... A cry from the depth of their hearts.... For their loved ones... For the restoration of Mother Nature.



ഒരു കോവിഡ് കാലം

ഭാഗം 2 –(Contd from 2023-Spandanam)

ഡോ ബിജു ജോൺ സി


പക്ഷെ സുലോചന മാഡം പൊറുത്തില്ല മാഡത്തിന്റെ ഒരു പ്രവർത്തന രീതിവെച്ച് നോക്കിയാൽ അതിൽ ഒരത്ഭുതവുമില്ല. പക്ഷെ, സുമേഷ് പൊറുത്തു. മാഡത്തോട്. കളിയാക്കി ചിരിച്ച സഹപാഠികളോട്! അയാൾക്ക് ദേഷ്യം വന്നതേ ഇല്ല. സ്നേഹം മാത്രം. അതെ, ജീവിതത്തിൽ പ്രേമസുരഭിലതയുടെ പ്രകാശം പരന്നു തുടങ്ങിയാൽ പിന്നെ അങ്ങനെയാണ്. നെഗറ്റീവുകൾ ഇല്ല. സർവ്വത്ര പോസിറ്റീവ് എനർജി. പ്രപഞ്ചത്തിലെ എല്ലാ ജീവജാലങ്ങളോടും (ഇൻക്ലൂഡിങ് സുലോചന മാഡം), എന്തന്നില്ലാത്ത ഒരു സ്നേഹം, സഹജീവി ബോധം, സഹാനുഭൂതി, സഹോദരസ്നേഹം.

വൈകുന്നേരം ഹോസ്റ്റൽ മുറിയുടെ പരിമിത സ്വകാര്യതയിൽ, പഴം പൊരിയും ചായയും തന്ന ആത്മവിശ്വാസത്തിൽ സുമേഷ് ആ നമ്പർ ഡയൽ ചെയ്തു തുടങ്ങി. പക്ഷെ മുഴുമിപ്പിക്കാനായില്ല. നാലക്കം കഴിഞ്ഞതോടെ കൈയിൽ ഒരു വിറയൽ. ശരീരം വിയർക്കുന്നു. നെഞ്ചിലൂടെ ഒരു കുതിര അതിവേഗം പായുന്നു. സംശയിക്കാനില്ല. പാർശ്വഫലങ്ങൾ തന്നെ– പക്ഷേ വാക്സിന്റെയാണോ അതോ പ്രേമസുരഭിലതയുടെ ആണോ എന്ന് മാത്രം ഒരു സംശയം. ഫോൺവിളി പൂർത്തീകരിക്കാനാവുന്നില്ല. ശരി നാളെയാവട്ടെ. ആ തീരുമാനം എടുത്തയുടനെ അയാളുടെ ശരീരപ്രവർത്തനങ്ങൾ സാധാരണ നിലയിലായി.

അങ്ങനെ പ്രേമസുരഭിലത നൃത്തം ചവിട്ടിയ പകലുകളും, നേരത്തെ പറഞ്ഞ വിശദീകരിക്കാൻ സാധിക്കാത്ത, അപ്രമേയ വിലോല ഗോഷ്ഠികൾ തരളിതമാക്കിയ സന്ധ്യകളും ആയി സുമേഷ് തമ്പിയുടെ ജീവിതയാനം ഒരാഴ്ച പിന്നിട്ടു. പുരോഗതി ഇല്ല എന്ന് പറയാനാവില്ല. കാരണം ഒമ്പതാമത്തെ അക്കം വരെ സഞ്ചരിക്കാനുള്ള ശക്തി അദ്ദേഹത്തിന്റെ വിരലുകൾ ആർജ്ജിച്ചു കഴിഞ്ഞിരുന്നു. പക്ഷെ ഫിലോമിന സാറാമ്മയുടെ മൊബൈൽ നമ്പറിലെ പത്താമത്തെ അക്കത്തിനു മുമ്പിൽ, അതി ശക്തമായ റെസിസ്റ്റൻസ്‌ലെവലിനു താഴെ കിതച്ചു നിൽക്കുന്ന സെൻസെക്സ് പോലെ, സുമേഷ് യാനവും പകച്ചു നിന്നു .

അവിടം കൊണ്ട് തീർന്നു എങ്കിൽ സാരമില്ലായിരുന്നു. എട്ടാം ദിവസം ആ യാനം ഒരു മഞ്ഞു മലയിൽ ഇടിച്ചു തകർന്നു . സുലോചന മാഡത്തിന്റെ ചോദ്യ ശരങ്ങളെയും, നിശിതവിമർശനങ്ങളെയും നിസ്സംഗസുന്ദരമായ ചങ്കൂറ്റത്തോടെ, നിശബ്ദമായി, പുഞ്ചിരിയോടെ നേരിട്ടിരുന്ന ആ യുവാവ് അന്ന് പക്ഷെ പ്രതികരിച്ചത് ഭൂമി ദേവിക്ക് സാഷ്ടാംഗ പ്രണാമം അർപ്പിച്ചു കൊണ്ടായിരുന്നു. 'ചക്ക വെട്ടിയിട്ട പോലെ ദാ കിടക്കുന്നു വാർഡിന്റെ നടുക്ക്, മാഡത്തിന്റെ കാൽച്ചോട്ടിൽ തന്നെ 'എന്നാണ് ഒരു സഹ പി.ജി പിന്നീടാസംഭവത്തെ കുറിച്ച് പറഞ്ഞത് .

ഏതായാലും വാർഡിന്റെ നടുക്ക് ബോധരഹിതനായി കിടന്ന സുമേഷിന്റെ പരിചരണത്തിന്റെ നേതൃത്വം, പരിഭ്രാന്തയായ സുലോചന മാഡം ഏറ്റെടുത്തു. മിനിറ്റുകൾക്കുള്ളിൽ അയാളുടെ വൈറ്റൽ സൈൻസ് രേഖപ്പെടുത്തപ്പെട്ടു. "പൾസ് കുറച്ചു വീക്ക് ആണ് മാഡം, റേറ്റും കൂടുതൽ". ചട പടാന്ന് റിപ്പോർട്ട് വന്നു. ഇരയുടെ മേൽ ചാടി വീഴുന്ന കടുവയെ പോലെ, കൃത്രിമ ശ്വാസോച്ഛ്വാസം കൊടുക്കാൻ സുമേഷിന്റെ നെഞ്ചും കൂട് ലക്ഷ്യമാക്കി കുതിച്ചു കൊണ്ടിരുന്ന പുതിയ ഹൗസ് സർജൻ അശ്വതി മേനോനെ, ആജ്ഞാശക്തിയുള്ള ഒരൊറ്റ നോട്ടംകൊണ്ടും, ആംഗ്യം കൊണ്ടും വിലക്കിയശേഷം സുലോചന മാഡം അലറി .



"Start Normal Saline. What is the Temperature and Oxygen Saturation"
നിമിഷങ്ങൾക്കുള്ളിൽ ഉത്തരങ്ങൾ റെഡി !
"മാം temperature : 101 degree, Saturation : 95'
സുമേഷിനു ചുറ്റുമുള്ള ആരോഗ്യ പ്രവർത്തകരുടെ സംഖ്യയിൽ പൊടുന്നനെ ഒരു കുറവ് കണ്ടു. മിച്ചമുള്ള സുലോചന മാധം ഉൾപ്പടെയുള്ളവർ തങ്ങളുടെ മാസ്കുകൾ ഒന്ന് കൂടി വലിച്ചു മുറുക്കി. കാര്യങ്ങൾ ധ്രുതഗതിയിൽ നടന്നു..

കുറേശ്ശെ ബോധം തിരിച്ചു വന്നു കൊണ്ടിരുന്ന സുമേഷ് രണ്ടു ബഹിരാകാശയാത്രികർ തന്റെ അടുക്കലേക്കു വരുന്നതും, നീണ്ട അറ്റം വെളുത്ത എന്തോ ആയുധം കൊണ്ട് തന്റെ മൂക്ക് തുരക്കപ്പെടുകയും ചെയ്യുന്നത് കണ്ട് വീണ്ടും ബോധരഹിതനായി. പക്ഷെ കുറച്ചു നിമിഷങ്ങൾക്ക് ശേഷം ചെവിയിൽ വീണ ആ വാചകം ആ അവസ്ഥയിലും, അയാൾ അവ്യക്തമായി കേട്ടു .

'ആൻറിജൻ ടെസ്റ്റ് പോസിറ്റിവ് ആണ്. സംഗതി കോവിഡ് തന്നെ .' അയാൾ കണ്ണുകൾ ഇറുക്കി അടച്ചു. മനസ്സിൽ അപായമണി മുഴങ്ങുന്നു. ചിന്തകൾ ഏതൊക്കെയോത മോ ഗർത്തങ്ങ ളിലേക്കു പറക്കുന്നു. അടുത്ത പ്രഭാതം കാണാൻ തനിക്കു ഭാഗ്യം ഉണ്ടാവുമോ – ആവോ !

അടുത്ത പ്രഭാതം പൊട്ടിവിടർന്നപ്പോൾ പക്ഷെ തന്റെ ആശങ്കകൾ അസ്ഥാനത്താണെന്ന് അയാൾക്ക് മനസ്സിലായി. പാരസെറ്റാമോളും, പലതരം ഡ്രിപ്പുകളും, കോവിഡ് ഐസിയുവിന്റെ ശീതോഷ്മളതയും എല്ലാം കൂടി അയാളുടെ ആതുര ശരീരത്തെ ഊർജ്ജസ്വലമാക്കി. കോവിഡ് രോഗി എന്ന യാഥാർഥ്യവുമായി പൊരുത്തപ്പെട്ടു കഴിഞ്ഞിരുന്ന അയാളുടെ മനസ്സ് ചോദിച്ചുകൊണ്ടേ ഇരുന്നു – എന്നാലും എങ്ങിനെ, എപ്പോൾ എവിടെയാണ് തനിക്കു പിഴച്ചത് ?

ആകെ ഹോസ്റ്റലിൽ മാത്രമാണ് N 95 ൽനിന്നും പുറത്തു കടക്കുന്നത്. അവിടെ ആർക്കെങ്കിലും?? PPE സ്യൂട്ടിൽ ആച്ഛാദിതമായ ഒരു രൂപം വന്നു പറഞ്ഞു.

'Hi Dr Sumesh. Good Evening. Nothing to worry ok. Your oxygen saturation is normal. Chest is clear. Inflammatory markers are normal. All you need is rest and plenty of fluids. we will shift you to ward tomorrow. OK"

കോവിഡ് സെൽ മേധാവി ഡോ. ശശിധരൻ ആണ്. അദ്ദേഹത്തിന്റെ വാക്കുകൾ അയാൾക്ക് തെല്ലൊന്നുമല്ല ആശ്വാസം നൽകിയത്. അദ്ദേഹം തുടർന്നു... 'പിന്നേ സുമേഷിന്റെ ഒരു കോൺടാക്ട് ട്രെയ്സിങ് ഞങ്ങൾ ചെയ്തിട്ടുണ്ട്. പ്രധാനമായും ഹോസ്റ്റലിൽ ഉള്ള ഒന്ന് രണ്ടു സുഹൃത്തുക്കൾ ആണ് വിത്തൗട് മാസ്ക് കോൺടാക്ട് ഉള്ളത്. അവരെ എല്ലാം ക്വാറന്റൈൻ ചെയ്തു കഴിഞ്ഞു. സുഹൃത്ത് വഴി വീട്ടിലും വിളിച്ചു പറഞ്ഞിട്ടുണ്ട്. സൗകര്യം പോലെ ഒന്ന് വിളിച്ചോളൂ. ദാ സുമേഷിന്റെ മൊബൈൽ ചാർജ് ചെയ്തു അടുത്തു തന്നെ വച്ചിട്ടുണ്ട് .'

മൊബൈൽ ഫോൺ കണ്ടതും സുമേഷിന്റെ മനസ്സിലേക്കു വീണ്ടും ആ പത്തക്കങ്ങൾ ഓടിക്കിത ച്ചെത്തി. പ്രേമസുരഭിലതയിൽ പൊതിഞ്ഞ പത്ത ക്കങ്ങൾ. ഇതേ വരെ തന്റെ അംഗുലീ സ്പർശത്തിനു വഴങ്ങാതെ കൊഞ്ഞനം കുത്തിനിന്നിരുന്ന പത്താമത്തെ അക്കം അതാ തന്നെ പ്രണയാതുരമായി മാടിവിളിക്കുന്നു. അക്കശങ്കകളും അർദ്ധശങ്കകളും ആവിയായി കഴിഞ്ഞിരിക്കുന്നു

നാളെ എന്നത് ഒരു ചോദ്യചിഹ്നമാകുന്ന വേളകളിൽ മനസ്സ് അങ്ങനെയാണ്. വരും വരായ്ക കളുടെ വേലിക്കെട്ടുകൾക്കുള്ളിൽ സ്വയം തളച്ചിടുന്ന പ്രക്രിയ അവസാനിപ്പിക്കും പാടില്ലായ്മകൾ പ്രാപ്യ സുന്ദരങ്ങളായി പരിണമിക്കും. അയാൾ മൊബൈൽ ഫോൺ കൈയിലെടുത്തു. അത്യുജ്ജ്വലമായ ആ തീരുമാനത്തിനു പിന്തുണ അറിയിച്ചു കൊണ്ട് അയാ ളുടെ കൈത്തണ്ടയിലെ രോമങ്ങൾ ഒന്നടങ്കം എഴുന്നേ റ്റു നിന്നു .'ആഹാ ആഹഹാ... സാറാമ്മേ ഞാനിതാ വരുന്നെടി .'

അങ്ങനെ ആദ്യമായി, ആത്മവിശ്വാസത്തോടെ ആവേശത്തോടെ അയാളുടെ ചൂണ്ടുവിരൽ ആ പത്തക്കങ്ങളിലും മാറി മാറി പതിച്ചു. അതാ റിങ്ങു്. പാട്ടാണ്.
'അല്ലിയാമ്പൽ കടവിലന്നരയ്ക്കു വെള്ളം...'.
പെട്ടെന്നതാ ആ ശബ്ദം . 'ഹലോ ..'
അനർഘ നിമിഷം. അസുലഭ മുഹൂർത്തം.
അയാളുടെ ശരീരത്തിൽ പ്രേമസുരഭിലത പൂത്തിരി കത്തി. ആ ആഘ്രാതത്തിൽ ഫോൺ കൈയിൽ നിന്ന് തെറിച്ചു. താഴെ വീണ ഫോൺ എടുക്കാൻ കുനി യുമ്പോഴാണ് ആ അത്ഭുതം നടന്നത്. അയാൾക്കത് വിശ്വസിക്കാൻ കഴിഞ്ഞില്ല ! ഫോൺ താഴെ വീണിട്ടും ആ ശബ്ദം ചെവിയിൽ മുഴങ്ങുന്നു.
'ഹലോ '
അവിശ്വസനീയതയോടെ അയാൾ ഫോണിലേക്കു നോക്കി. അല്ല ശബ്ദം അതിൽ നിന്നല്ല .
'ഹലോ ... ആരാ ?' .
ശബ്ദം വരുന്ന ദിശയിലേക്ക് അയാളുടെ കണ്ണുകൾ പാഞ്ഞു. എതിർവശത്തെ കിടക്കയിൽ നിന്നാണ്. ICU വിലെ അരണ്ട വെളിച്ചത്തിൽ ആളുടെ രൂപം വ്യക്തമല്ല പക്ഷെ കൈയിലെ മൊബൈൽ ഫോണിന്റെ പ്രകാശം വ്യക്തം. ആ ഹാലോ വിളികൾ തീരുന്നതു വരെ അയാൾ അനങ്ങിയില്ല. അനങ്ങാൻ പോയിട്ട് നേരാം വണ്ണം ശ്വാസം വിടാൻ സാധിച്ചില്ല എന്ന് പറയുന്ന തായിരിക്കും ശരി.

അപ്പുറത്തെ മൊബൈൽ ഫോൺ വെളിച്ചം അണഞ്ഞതും അയാൾ മെല്ലെ കുനിഞ്ഞുതാഴെ വീണ തന്റെ ഫോൺ എടുത്തു. കാര്യങ്ങൾ ഒന്ന് ക്ലിനിക്കൽ ആയിട്ട് വിശകലനം ചെയ്തപ്പോൾ, അയാൾക്ക് തന്റെ സംശയങ്ങൾ അത്ര എവിഡൻസ് ബേസ്ഡ് ആയിട്ട് തോന്നിയില്ല.

അപ്പുറത്തെ ഫോണിൽ വന്ന കോൾ തന്റെയാകണം എന്നില്ലല്ലോ. ഇല്ല സംശയങ്ങളുടെ മുൾമുനയിലുള്ള ഈ നിൽപ്പ് എന്തയാലും അഭികാമ്യം അല്ല. രണ്ടിലൊന്ന റിഞ്ഞിട്ടു തന്നെ കാര്യം. അയാൾ ശരീരം കൊണ്ട് ഫോൺ മറച്ചു പിടിച്ചു അവസാന കോൾ റീ ഡയൽ ചെയ്തു .

അതാ അപ്പുറത്തു ഫോണിന്റെ സ്ക്രീൻ തെളിയുന്നു. അത് എടുക്കപ്പെടുന്നു. മുമ്പേ കേട്ട അതെ ഹലോ വീണ്ടും കേൾക്കുന്നു. അയാൾ പെട്ടെന്ന് തന്നെ കോൾ കട്ട് ചെയ്തു. ഒരായിരം സംശയങ്ങൾ അയാളുടെ മനസ്സിലേക്ക് ഓടിയെത്തി. അവയുടെ ഉത്തര സാദ്ധ്യതകൾ അയാളിൽ ഒരു ചെറു മന്ദഹാസം ഉണർത്തി. തന്നിലെ ജൈവസ്പന്ദന സൂചികകളിൽ ഏതോ ഒന്ന് അളക്കാൻ അതെ സമയത്തു അങ്ങോട്ടേക്ക് വന്ന ഒരു സുരക്ഷാ കവചിത രൂപത്തോടു അയാൾ ആരാഞ്ഞു 'ആരാ സിസ്റ്റെ എന്റെ അടുത്ത ബെഡ്ഡിൽ. എനിക്ക് പരി ചയമുള്ള ഒരു ഡോക്ടർ ആണെന്ന് തോന്നുന്നു '

അയ്യോ അല്ല ഡോക്ടർജി, അത് നമ്മുടെ വാക്സിനേഷൻ സെൻററിൽ ഡ്യൂട്ടി ഉണ്ടായിരുന്ന ഫിലോമിന സിസ്റ്റർ ആണ്. നാലു ദിവസം മുമ്പാണ് അഡ്മിറ്റ് ചെയ്തത്. ഡ്യൂട്ടി ക്കിടയിൽ തല കറങ്ങി വീണു. ടെസ്റ്റ് ചെയ്തപ്പോ പോസിറ്റി വ്. അല്ല, ഡോക്ടറുടെ ഹിസ്റ്ററിയും അത് പോലെ തന്നെ ആ യിരുന്നല്ലോ. നിങ്ങക്ക് രണ്ടു പേർക്കും ഒരേ സ്ട്രെയിൻ തന്നെ കിട്ടിയിരിക്കുന്നത് '



സുമേഷിന്റെ മനസ്സിൽ ഒരു കൊള്ളിയാൻ മിന്നി. ഏഴു ദിവസം മുമ്പത്തെ ആ വാക്സിനേഷൻ സീൻ മനസ്സിലേക്കു ഓടിയെത്തി. വാക്സിനേഷന് ശേഷമുണ്ടായ ആ തുമ്മൽ. തുമ്മലാനന്തര മാസ്ക് മാറ്റൽ. തൂവാല കൊണ്ടുള്ള സേതുബന്ധനം. സമാന്തരമായി അതെ പ്രക്രിയകളെല്ലാം നിമിഷങ്ങളുടെ വ്യത്യാസത്തിൽ മാത്രം അനുവർത്തിച്ച വാക്സിനേറ്റർ ഫിലോമിന– തന്റെ സാറാമ്മ. സോറികൾ തമ്മിലുള്ള കൂട്ടി മുട്ടൽ. ഈശ്വരാ ആദ്യ നോട്ടത്തിൽ, ഹൃദയങ്ങൾ കൈ മാറുന്നതിന് മുമ്പേ തന്നെ തങ്ങൾ കൈ മാറിയത് തപ്ത നിശ്വാസങ്ങളായിരുന്നു. മാസ്കില്ലാത്ത ആ നിമിഷങ്ങളിൽ ആനന്ദനിർവൃതിയോടെ താൻ ഏറ്റുവാങ്ങിയത് ആ തപ്ത നിശ്വാസങ്ങളിൽ ഗുപ്തമായിരുന്ന കോവിഡ് അണുക്കളായിരുന്നോ? ജീവിതം ഒരേ സമയം പ്രേമസുരഭിലവും കോവിഡ് സുരഭിലവും ആക്കി, തന്നെ അനുഗ്രഹിക്കുകയായിരുന്നോ ഈ സാറാമ്മ?

അടുത്ത നിമിഷം അയാളുടെ ചുണ്ടിൽ ഒരു ചെറു മന്ദഹാസം വിരിഞ്ഞു. അതെ അതു തന്നെ. പത്താമത്തെ അക്കകടമ്പ മറി കടക്കാൻ സാധിക്കാത്തതിനാൽ സമാന്തര രേഖകളിൽ സഞ്ചരിക്കുമായിരുന്ന രണ്ടു ജീവിതങ്ങളെ സന്ധിപ്പിക്കാൻ നിയതി നടത്തിയ ഒരു ക്രമീകരണം തന്നെ ആണിത്. ആയാൾ മനസ്സിൽ ഉറപ്പിച്ചു. പ്രേമസുരഭിലത ഉണ്ടാക്കിയ പുതിയ ശുഭാപ്തി വിശ്വാസം അയാളെ കൊണ്ട് അങ്ങനെ ചിന്തിപ്പിച്ചു എന്ന് പറയുന്നതാവും ശരി.

കഴിക്കാനുള്ള ഗുളികകൾ കൈയിൽ കൊടുത്ത് കൊണ്ട് ആ ആതുര ശുശ്രൂഷക വീണ്ടും മൊഴിഞ്ഞു. 'ആ കുട്ടി ഭയങ്കര ഡിപ്രഷനിൽ ആണ് ഡോക്ടർ. പാവം അതിന്റെ ഹസ്ബൻഡിനും, ഇൻ ലോസിനും കൂടി കിട്ടി . '
'എന്താ പറഞ്ഞേ' കിലുക്കം സിനിമയിൽ ലോട്ടറി ടിക്കറ്റ് സീനിൽ ഇന്നസൻറ് ചോദിച്ച അതെ ചോദ്യം, അതെ ടോണിൽ, അതെ ഭാവത്തിൽ അയാളിൽ നിന്നും നിർഗ്ഗമിച്ചു– ഒരാർത്തനാദമായി. സന്ദേശവാഹകയായ ആ ആരോഗ്യ പ്രവർത്തക വിവർണ്ണയായി അയാളെ പകച്ചു നോക്കി ..

'എന്ത് പറ്റി ഡോക്ടർ – ആ കുട്ടി ഡോക്ടറുടെ ആരെങ്കിലും.'
'ഹേയ് അല്ല– പാവം ഒരു സിസ്റ്റർക്കു ഡ്യൂട്ടിയുടെ ഭാഗമായി ഇങ്ങനൊക്കെ സംഭവിച്ചല്ലോ എന്നോർത്തപ്പോ ഒന്ന് പതറി പോയി അതാ '
ആരോഗ്യ പ്രവർത്തക തുടർന്നു. 'അതെ എന്ത് പറയാനാ ഡോക്ടർ. കല്യാണം കഴിഞ്ഞു അഞ്ചാറു മാസമേ ആയുള്ളൂ. ചെന്ന് കേറിയ ഉടനെ ഇങ്ങനെ ഒരു ദുരിതം ആ വീട്ടുകാർക്ക് ഉണ്ടാക്കിയല്ലോ എന്ന് പറഞ്ഞു എപ്പഴും കരച്ചിലാണ്. ഏതായലും ഇപ്പം ആ കുട്ടി സ്റ്റേബിൾ ആണ്. മിക്കവാറും ഇന്ന് തന്നെ വാർഡിലേക്ക് മാറ്റും '

സുമേഷ് ഒന്നും കേൾക്കുന്നുണ്ടായിരുന്നില്ല. ശരീരത്തിന്റെ ഏതോ അജ്ഞാത കോണിൽനി ന്നും എന്തോ ഒന്ന് അടർന്നു മാറുന്ന പോലെ. ആത്മാവിൽ നിന്നും ഒരു പ്രകാശം ചിറകടിച്ചുയരുന്നു. അതെ കഴിഞ്ഞ ഒരാഴ്ച്ച ജീവിതം പ്രകാശപൂരിതവികാരതരളിതമാക്കിയിരുന്ന പ്രേമസുരഭിലത അതാ പറന്നു പോകുന്നു. അല്ല പറിച്ചു മാറ്റപ്പെടുന്നു. എവിടൊക്കെയോ നീറി പുകയുന്നു. പ്രകാശം വറ്റിയ ശരീരം അത് നിർജ്ജീവമായി കഴിഞ്ഞു. ആത്മാവിൽ ഇരുട്ട് നിറയുന്നു. ശരീരത്തിന് പ്രതികരണ ശേഷി കുറയുന്നു. അടുത്ത് നിന്ന ആരോഗ്യ പ്രവർത്തകയുടെ മധുര ശബ്ദം അവ്യക്തമായി, നേർത്തു നേർത്ത് കാതിലേക്ക് ഒഴുകിയെത്തി. 'അയ്യോ സിസ്റ്റെ ഡോക്ടറെ വിളി... ദേ നമ്മടെ പി ജി ഡോക്ടറ് പിന്നേം ബോധം കെട്ടു '

.....

ഒരാഴ്ച കഴിഞ്ഞു വാർഡിൽ തിരിച്ചെത്തിയ സുമേഷ് തമ്പി പതിവിലും ഉന്മേഷവാനായിരുന്നു. സുലോചന മാഡത്തിന്റെ ചോദ്യശരങ്ങൾ അയാൾക്ക് അന്ന് വെറും പൂവമ്പുകളായി തോന്നി. പ്രേമത്തിന്റെ പകരം വെക്കാനില്ലാത്ത മധുരാനുഭവവും, പ്രേമഭാജനത്തെ സുരക്ഷിതമായി ഉടമസ്ഥനെ തിരിച്ചേൽപ്പിച്ചു കഴിഞ്ഞപ്പോഴത്തെ ശൂന്യതാബോധവും എല്ലാം അനുഭവിച്ചു, അഗ്നി സ്ഫുടം ചെയ്ത മനസ്സും ശരീരവുമായാണ് അയാൾ വന്നിരിക്കുന്നത്. ഒരു പ്രതിസന്ധിയ്ക്കും ഇനി അയാളെ തകർക്കാനാവില്ല. തളർത്താനാവില്ല.

Solitude in the stillness



Dr. Mini Mathew

Capturing Varanasi's majestic evenings. Ganga Arti - where faith meets beauty




Dr. Vaishna Megha

Acrylic painting on canvas of flowers in a glass vase.



Dr. Farzin Hareez

Acrylic painting on canvas with glass pebbles.
Arabic calligraphy-verse from the holy quran



The Paradoxical Linguistometer

Dr. K.Preetha

"May your festive season be punctuated with revachism whose magnoliquence can only be theatropistically analysed by the use of reminiscent exacerbation. I hope you don't mind my apostacy. I know your arquistic impedance might not engulf this kind of debauched pedagogy because of its repuginatious tolecentrism."
This was a new year message where some whatsapp smart@$$ was taking a dig at Shashi Tharoor's English (I am a huge fan of his language His looks also help) Honestly, the sentence is just a mishmash of difficult words which taken together have no rhyme or rhythm to them. Absolutely asinine gibberish Poor Shashi Tharoor. !!!! Imagine having to put up with this sort of reverse snobbery. And worse still he gets compared to every Tom, Dick and Preetha who can even remotely put together two straight sentences in English.
Seriously , though looking at the way we Indians maul the Queen's language(Err..... King's now), has convinced m that Karma exists. The linguistic savagery of English by u is basically Indian payback for TWO HUNDRED years c British colonialism. (That curry is the national dish of th UK and that Rishi Sunak was the PM are just icing's on th revenge cake) Like my Mom used to say when she woul get overly fed up with my shenanigans, " Ellaan karmaphalam"

I can also proudly state that my contributions to th Indian revenge on English have been phenomenal. Eve at the age of 8 years ,I was an active linguistic warrior. S Dad had a bad flu and I had just learnt a new big wor which obviously needed to be used by me. That was hov I went up to him and told him quite self importantly tha he should consult a Gynecologist for his flu . Completel taken aback for a few seconds , Dad stated, "I would lov to consult a Gynecologist , my child, but I don't think have the right apparatus for that" and started laughin uproariously .



In fact, Language savageries , cutting across languages be it English , Hindi or Malayalam, have often led me to major serendipitous discoveries which defy the laws of science. So a few years back I had a Patient, a wizened old grandma who told me rather sweetly, " Doctore, ente randu kannilum, 20 years munpu copper T yil cesarean operation cheythathaanu."
It took me a few seconds to realise I was looking at a major scientific breakthrough. Apparently some ingenious guy had done a cesarean section in this lady's eyes and inserted a copper T as well. Ophthalmology, as I had learnt it , underwent a paradigm shift in the face of such a surgical miracle. All keyed up to be the first witness of such a profound invention, I peer into her eyes with the slit lamp (that machine which we eye doctors look through to see everything ginormously magnified) and realise she has had routine,albeit, beautifully done cataract surgeries in both the eyes (well yeah finding surgeries beautiful is quite weird but then most of us surgeons have lost a few marbles). Believing that I might have missed something vital, I keep on peering for a more few minutes. Now the only thing we ophthalmic surgeons "Deliver" (Ahem....) is the cataract if we are doing manual cataract surgeries and we do insert an Intraocular lens inside the eye. Is the lady referring to the lens as copper T? . As I ponder these profound thoughts, the lady looking rather unimpressed with my dumbfounded expression tells me, "Ente cesarean Copper T hospitalil Dr N..... aanu cheythathu" My cesarean at copper T hospital was
done by Dr N. And that is when the mystery clicked ..... All barriers be it contraceptive or otherwise gave way Dr N..... was an Ophthalmologist who had worked at the "cooperative" hospital and cesarean was a colloquial term here for all surgeries.

So Cesarean @Copper T was her telling me she had an eye surgery at the Cooperative hospital. In the spirit of 'copper t isation' (Err .....Cooperation), I must point out that the founders of the Cooperative movement in 19th century Europe could never have foreseen such eloquent mis-nomenclature. That sweet grandma was our contraceptive barrier (Eeww, I meant linguistic warrior) in the third world's ultimate revenge against European colonial butchery a few decades back. Like they say in Malayalam , "Alla pinne Malayaliyodu aano kali".

Moving on to language debauchery, wielding language as a weapon can also be a lifesaver is what I learnt nearly two decades back as an intern in the surgery unit. So this was a routine surgical op day where our professor was having a gala time laughing his head off while we imbecile interns presented our purported clinical findings before him. And in walks this 6 foot plus guy with a matching physique who is yelling at the top of his voice in perfect Bhopali Hindi, "Ama khan Dactar,ye kaisi Nasbandi ki hai. Hamari begum pet se hai." (Hey you Doctor what sort of a vasectomy have you done, my wife is pregnant).

Apparently he had underwent a vasectomy as a contraceptive measure about a year back and now his wife is expecting. As the patient stands gnashing his teeth with metaphorical fumes coming out of his ears, the threat of violence looms large. (Cue that scary sound track of Aayega aane wala)We, the interns are quickly herded out of the room by the residents and gleefully find ourselves dismissed for the day. That we missed out on the high drama that must have ensued in the op is a small price to pay for an entire day off .

So then we forgot all about this episode until a month later, in walks the same guy into the same op, this time with a box of sweets and a huge beaming smile " Dac Saab, ladka Hua hai, muh meetha kijiye " (Doctor sahab, It's a boy, do join in our celebration) Wondering at the near 360 degree change in his attitude, I ask the only lady surgical resident there, how did sir manage this irate guy the other day with such an obvious surgical failure. And she replies with a twinkle in her eye, "Why of course by massaging his male Ego," Apparently our professor let him vent for some time and then told him "Arre miyan aap itne tandurust ho ki hamara taanka bhi aapke Nas ko band nahi kar paaya. Ye hai asli Mard " My dear chap, you are so vigorous that not even our sutures could prevent your little guys from scoring. You are the real man. Hearing those words the Six footer, stood tall expanded his 56 inch chest and exited the OP fully convinced he was God's gift to the entire woman kind.

And then she tells me sotte voce with a commiserating eyeroll, "Thank God for testosterone and men whose thought processes are permanently stunted below the belt"


PS : True to form the title is a linguistic savagery of the title of Dr Tharoor's tome " The Paradoxical prime Minister" Heartfelt apologies to him

ഡോ. ദീപ എം. ജി

മറവി

ഉള്ളിൽ പതിഞ്ഞ നിറങ്ങളെ, ഗന്ധങ്ങളെ,
സുഖമെഴും നീറ്റലായി മറഞ്ഞ പ്രണയങ്ങളെ ,
പണ്ടെങ്ങും ഇടറാതെ താണ്ടിയ വഴികളെ ,
ചിതലരിച്ചകലുന്നുവോ എന്നിൽ നിന്ന്?

സ്നേഹത്തിലും കലഹിച്ച കൂടപ്പിറപ്പുകളെ ,
തോളോട് തോൾ ചേർന്ന സൗഹൃദക്കൂട്ടങ്ങളെ ,
പ്രാണസഖിയോടൊത്തുള്ള പകലിരവുകളെ ,
ഭൂമിയിൽ എൻ ശേഷിപ്പുകളായ സന്താനങ്ങളെ,
പടരുന്നുവോ നിങ്ങളാം ചിത്രങ്ങളിലും,
അനാദിയാം കാലത്തിന്റെ ജരാനരകളിന്ന്?



സ്വയം തളച്ചിട്ട ചിന്ത തൻ ചുവരുകളെ,
ഉള്ളിൽ കുറുക്കിയ കവിതാശകലങ്ങളെ ,
കാതിൽ മുഴങ്ങിയോരായിരം വാക്കുകളെ,
പറയാൻ ബാക്കി വെച്ച കുഞ്ഞുകിനാക്കളെ
തിരയേണ്ടതെവിടെ ഞാൻ ഇന്നിനി നിങ്ങളെ ?



IN THE ABODE OF FLAMES

AZERBAIJAN – THE LAND OF FIRES

Traveling with the Family

Dr. Ambika Shetty

Fire is an element that has been revered and explored since thousands of years. Fire is one of the most powerful of the elements and when we tap into its energy, we bring a sense of aliveness within ourselves. Fire is an important element in several religions such as Hindu, Zoroastrian, Christian and Buddhist.

It was a privilege to visit Azerbaijan, a nation located between the Caspian Sea and the Caucasus Mountains which span Asia and Europe.

The name Azerbaijan is derived from the Persian word Azar which means " Fire".



Drive to the mud volcanoes in Gobustan.



Visit to the Baku zoo.



Traditional Azerbaijani attire



ATESHGAH-HOUSE OF FIRE

The temple of eternal fire- Ateshgah. It has a unique natural phenomenon as the burning natural gas outlets contacts oxygen and lights up. As Azerbaijan was part of the Silk Route that connected Asia and Europe, it is believed that merchants from India came to hear of the legend of the burning earth and helped build the abode of fire. One is pleasantly surprised to hear the chant, "Om Gan Ganapathaye Namaha" on entering this sacred space. The temple also houses idols of Lord Ganesha and Nataraj.



Yalli - a traditional Azerbaijani folk dance which people perform holding hands.
It symbolizes bravery,unity and solidarity.



Yanardag- Burning Mountain

Yanar Dag is a natural gas fire which blazes continuously since thousands of years, on a hillside on the Absheron Peninsula.The remarkable trait is that the flame does not extinguish even when exposed to rain, snow or strong winds. This trait has led to its reputation as the "eternal flame". Historical records suggest that Yanardag was a site of ancient fire worship. Zoroastrianism revered fire as a symbol of purity and divinity.



Handmade Azerbaijani carpets



A street vendor selling traditional shawls and handbags.



Heyder Aliyev Centre in Baku designed by Zaha Hadid depicts the folding of the natural landscape of the region.

കെ.ജി.യും കണ്ണുകടിയും

ഡോ. സി. കെ. രവി

കെ.ജി.മേനോനും ഡോ. ചന്ദ്രവല്ലിയും മദിരാശിയിലെ മുതിർന്ന മലയളികൾക്കു മറക്കാൻ പറ്റാത്ത ദമ്പതികളായിരുന്നു. സാമാന്യം അറിയപ്പെട്ടിരുന്ന എഞ്ചിനീയറും കോൺട്രാക്റ്ററും ആയിരുന്ന മേനോനു കൂടുതൽ താല്പര്യം സാഹിത്യ – സാംസ്കാരിക മേഖലകളിലായിരുന്നു. പുഞ്ചിരിയോടു കൂടെയല്ലതെ ഡോ. ചന്ദ്രവല്ലിയെ ഓർക്കാൻ കഴിയുകയില്ല. സൗമ്യമായി സംസാരിച്ചിരുന്ന അവർ എല്ലവർക്കും, പ്രത്യേകിച്ച് അവരുടെ രോഗികൾക്കു, പ്രിയങ്കരിയായിരുന്നു. 'ഡോക്ടറോട് സംസാരിച്ചാൽ തന്നെ പകുതി അസുഖം മാറും' എന്നതാണു രോഗികളുടെ സ്ഥിരം മൊഴി. ഡോക്ടറെന്നതിന്നു പുറമെ അവർ ഹൃദയാലുവായ ഒരു സാമൂഹ്യ പ്രവർത്തക കൂടിയായിരുന്നു.

കുഞ്ഞിക്കുട്ടൻ പിള്ളയുടേയും പാറുഅമ്മ യുടെയും മകനായി കൊടുങ്ങല്ലൂരിൽ 1922 ഫെബ്രുവരി 1–ന് ജനിച്ച ഗംഗാധര മേനോൻ എന്ന കെ.ജി.മേനോൻ അഞ്ചു മക്കളിൽ ഏറ്റവും ഇളയവനായിരുന്നു. ചെറുപ്പത്തിൽ തന്നെ കുറച്ചു തന്തോന്നിയായിരുന്ന അദ്ദേഹം ആരോടും പറയാതെ വീടുവിട്ടു പോയി പട്ടാളത്തിൽ ചേർന്നു. പട്ടാളജീവിതത്തെ കുറിച്ചുള്ള രസകരമായ വിവരണം അദ്ദേഹത്തിന്റെ ആത്മകഥയിൽ ഉണ്ട്. അഞ്ചുവർഷത്തെ ദേശസേവനത്തിന്നു ശേഷം സൈന്യത്തിൽ നിന്നു പോന്ന അദ്ദേഹം എറണാകുളം മഹാരാജാസ് കോളേജിൽ ഇന്റർമീഡിയറ്റ് കോഴ്സിന്നു ചേർന്നു. സ്വാതന്ത്ര്യ സമരത്തിൽ പങ്കാളിയായി. കോളേജ് അങ്കണത്തിൽ ദേശീയ പതാക ഉയർത്താനുള്ള ശ്രമം കൈ ഒടിയുന്നതിലും കോളേജിൽ നിന്നുള്ള പുറത്താക്കലിലും അവസാനിച്ചു. അതുകൊണ്ടൊന്നും കുലുങ്ങാതെ അദ്ദേഹം മദിരാശിയിലേക്ക് (ഇന്നത്തെ ചെന്നൈ) വണ്ടി കയറി. മദിരാശിയിൽ വെച്ചു അദ്ദേഹം സിവിൽ എഞ്ചിനീയറിംഗിൽ അത്ര എളുപ്പമല്ലാത്ത എ.എം ഐ.ഇ എന്ന ബിരുദം നേടി.



ഇക്കാലത്താണു, പ്രത്യേക ജോലിയൊന്നും ആകുന്നതിന്നു മുൻപേ തന്നെ, ഡോ. ചന്ദ്രവല്ലിയെ വിവാഹം കഴിച്ചത്. ഡോക്ടറുടെ ഭാഗ്യം കൊണ്ടും മേനോന്റെ കഠിനാധ്വാനം കൊണ്ടും അധികം വൈകാതെ തന്നെ മദ്രാസിൽ ഒരു ആർക്കിടെക്റ്റ് / ബിൽഡർ എന്ന നിലയ്ക്ക് പ്രശസ്തി നേടി. പക്ഷേ, അദ്ദേഹത്തിന്റെ അഭിനിവേശം സാഹിത്യ, കലാസാംസ്കാരിക മേഖലകളിലായിരുന്നു. കേരളവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും സജീവമായി പങ്കെടുത്തിരുന്നു. ഓട്ടം തുള്ളൽ തുടങ്ങിയ കേരളീയ കലാരൂപങ്ങൾ മദിരാശിയിൽ അരങ്ങേറുന്നതിന്നു നേതൃത്വം നൽകിയിരുന്ന കെ.ജി.യായിരുന്നു അക്ഷര ശ്ലോകം എന്ന കാവ്യകലാരൂപത്തെ മദിരാശി മലയളികളുടെ ഇടയിൽ പ്രചരിപ്പിച്ചതു (കെ.ജി.യുടെ ഓർമ്മക്കായി ആശാൻ മെമ്മൊറിയൽ അസ്സോസിയേഷൻ എല്ലാ വർഷവും അക്ഷരശ്ലോക മൽസരങ്ങൾ നടത്തുന്നുണ്ട്.) അദ്ദേഹം ആശാൻ മെമ്മോറിയൽ അസ്സോസിയേഷൻ, മലയാളി ക്ലബ്, കേരള സമാജം, എന്നിവടങ്ങളിലെല്ലാം സജീവസാന്നിധ്യമായി തീർന്നു. ആത്മകഥ, ലേഖനങ്ങൽ കവിതകൾ ഭക്തി ഗാനങ്ങൾ തുടങ്ങിയ സാഹിത്യരൂപങ്ങളിലല്ലാം കൈവെച്ചിരുന്ന അദ്ദേഹത്തിന്നു ഏറ്റവും പ്രിയം കവിതയോടായിരുന്നു. ഡോ. എസ്. കെ. നായർ, പ്രൊഫസ്സർ. എം. കെ. സാനു, ഡോ. ലീലാവതി തുടങ്ങിയവർ സാമന്യം തരക്കേടില്ലാത്ത അഭിപ്രായങ്ങൾ എഴുതിയിരുന്നെങ്കിലും അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ പ്രത്യേകിച്ചു അകലം പാലിച്ചിരുന്നതും ആ കവിതകളോടു തന്നെയായിരുന്നു.

അദ്ദേഹവും അദ്ദേഹത്തിന്റെ പത്നിയും, കേരളത്തിൽ നിന്ന് മദിരാശി യൂണിവേഴ്സിറ്റി മലയാള വിഭാഗത്തിൽ പഠിക്കുവാൻ വരുന്ന മിക്കവാറും വിദ്യാർത്ഥികളുടെയും ലോക്കൽ ഗാർഡിയൻസ് ആയിരുന്നു. ഈ വിദ്യാർത്ഥികൾക്ക് നേത്ര സംബന്ധമായ എന്തെങ്കിലും പരാതികൾ ഉണ്ടെങ്കിൽ എന്നെ കാണുവാൻ അവർ നിർദ്ദേശിക്കാറുണ്ട്.

ഒരു വൈകുന്നേരം മേനോൻ എന്നെ വിളിച്ചു ചോദിച്ചു "രവി ഇന്ന് വൈകുന്നേരം ക്ലിനിക്കിൽ ഉണ്ടാവുമോ'. 'ഞാൻ അല്ലാതെ എവിടെ പോകാനാ ഇവിടെ തന്നെ ഉണ്ടാകും '. 'അല്ല. തന്നെ വിശ്വസിക്കാൻ പറ്റില്ലേ. എപ്പോഴാണ് നാട്ടിലേക്ക് മുങ്ങുക എന്ന് പറയാൻ പറ്റില്ലല്ലോ "ഞാൻ ചിരിച്ചു "എന്താ കാര്യം"
"അല്ല നമ്മുടെ രണ്ടു മൂന്നു കുട്ടികളെ തന്റെ അടുത്തേക്ക് വിടുന്നുണ്ട് എന്ന് ചന്ദ്രവല്ലി. പറഞ്ഞിരുന്നു, അതുകൊണ്ടാണ്. എന്തായാലും ഞാനും വരുന്നുണ്ട്. അവരെ തിരിച്ച് എത്തിക്കേണ്ട ചുമതല എന്റെ തലയിലാണ്. അപ്പോ വൈകുന്നേരം കാണാം '

വൈകുന്നേരം ഏതാണ്ട് അഞ്ചു മണിയോടുകൂടി കെ.ജി എത്തി. ഞങ്ങൾ ഓരോന്ന് സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ റിസപ്ഷനിസ്റ്റ് വാതിൽക്കൽ മുട്ടിയിട്ട് പറഞ്ഞു "യൂണിവേഴ്സിറ്റിയിൽനിന്ന് മൂന്നു കുട്ടികൾ വന്നിട്ടുണ്ട്. ഡോക്ടർ ചന്ദ്രവല്ലി പറഞ്ഞയച്ചതാണ് എന്ന് പറഞ്ഞു ." "ശരി കൺസൾട്ടേഷൻ റൂമിൽ ഇരിത്തിക്കോളു. ഞാനിതാ വരുന്നു". കെ.ജിയോട് നിങ്ങളും കൂടി വരൂ എന്നു പറഞ്ഞ് എഴുന്നേറ്റു.

"രവി പോയ്ക്കോളൂ. ഞാൻ ഈ സിഗരറ്റ് തീർത്തിട്ടു വരാം." ശരി എന്നു പറഞ്ഞു ഞാൻ കൺസൾട്ടേഷൻ റൂമിലേക്കു നടന്നു. അവിടെ മൂന്നു യുവതികൾ ഇരുന്നിരുന്നു. അവരുടെ പേര്, എന്ത് ചെയ്യുന്നു, വീട് എവിടെയാണ് എന്ന് വിശേഷങ്ങളൊക്കെ ചോദിച്ചു അതിനുശേഷം ആദ്യത്തെ കുട്ടിയോടു എന്താണു പ്രശ്നം എന്നന്വേഷിച്ചു. അകലേയുള്ള വസ്തുക്കൾ വ്യക്തമായി കാണുന്നില്ല. പിന്നിലത്തെ ബെഞ്ചിൽ ഇരുന്നാൽ ബോർഡിൽ എഴുതിയിരിക്കുതുന്നത് കാണുന്നില്ല എന്നതാണ് പ്രശ്നം. മുൻപ് കണ്ണട വെച്ചിരുന്നു. പിന്നീട് സ്വയം അത് വേണ്ടെന്ന് വെച്ചു. പരിശോധിച്ചപ്പോൾ കുറച്ച് ഷോർട്ട് സൈറ്റ് ഉണ്ട്. അതിന് കണ്ണട എഴുതിക്കൊടുത്തു. ഉടനെ തന്നെ അടുത്ത ചോദ്യം'... ഇത് ഞാൻ എപ്പോഴും വയ്ക്കണോ ഡോക്ടർ"

"വേണ്ട നിങ്ങൾക്ക് ശരിക്കും കാണണമെന്നുങ്കിൽ മാത്രം വെച്ചാൽ മതി"

"അല്ല എപ്പോഴും വെച്ചില്ലെങ്കിൽ കാഴ്ച പോകും എന്നൊക്കെ പറയാറുണ്ടല്ലോ. അതുകൊണ്ട് വല്ല തകരാറും വരുമോ എന്നറിയാനായിരുന്നു"

"അങ്ങനെയൊന്നുമുണ്ടാവില്ല കുട്ടീ. അകലെയുള്ളതു കാണുന്ന സമയത്തു വെക്കാം അല്ലാത്തപ്പോൾ വേണമെങ്കിൽ എടുത്തു മാറ്റാം."

അപ്പോഴേക്കും മേനോൻ സിഗറ്റ് തീർത്ത് അവിടെ വന്നിരിക്കുന്നുണ്ടായിരുന്നു. അടുത്ത ആൾക്ക് തലവേദനയാണ്. രാവിലെ മുതൽ തുടങ്ങും പരിശോധിച്ചു കഴിഞ്ഞപ്പോൾ കണ്ണിന് പ്രത്യേകിച്ച് കുഴപ്പമൊന്നും കണ്ടില്ല; കേട്ടിടത്തോളം തലവേദന സൈനസൈറ്റിസ് കൊണ്ടായിരിക്കണം



'ഒന്ന് തല നല്ലതുപോലെ കുനിച്ചു പിടിക്കൂ." കൈകൊണ്ടു തല ഒന്നുകൂടി കുനിച്ചിട്ട് ചോദിച്ചു." ഇപ്പോൾ എന്തെങ്കിലും ബുദ്ധിമുട്ടു തോന്നുണ്ടോ" ' ഉവ്വ് സർ. തലയ്ക്ക് നല്ല ഘനം ഉള്ളതുപോലെ തോന്നുന്നു"

'സൈനസൈറ്റിസ് തന്നെയാണു. അലർജി ആയിരിക്കും കാരണം. ഈ ഗുളിക ഒരാഴ്ച കഴിക്കൂ ശരിയാകും". അത് എഴുതുന്നതിനു മുൻപേ ആ കുട്ടി പറഞ്ഞു കണ്ണിന്റെപോളയിൽ വല്ലാത്ത ചൊറിച്ചിൽ ഉണ്ട്. ' ഇത് താരൻ പോലെ കൺപോളയിൽ വരുന്ന ഒരു അസുഖമാണ്. ഞാൻ അതു ശ്രദ്ധിച്ചു തലയിൽ താരനുണ്ടാവും. അതു മാറിയാലെ കണ്ണിലെ ചൊറിച്ചിൽ മാറുകയുള്ളൂ" ഞാൻ മരുന്നെഴുതാൻ തുടങ്ങുമ്പോഴേക്കും മേനോൻ പെട്ടന്നു ചോദിച്ചു" എന്താ കുട്ടിയുടെ പേര്"'

"വിജയലക്ഷ്മി"

"കൊടുങ്ങല്ലൂരാണു വീട് അല്ലേ"

"അതെ"

"നോക്കൂ വിജയലക്ഷ്മി, ഡോക്ടർ രവി മിടുക്കനാണു. നല്ല കണ്ണ് ഡോക്ടറാണ് എന്റെ വലിയ സ്നേഹിതനുമാണ്. എന്നാലും ഞാൻ പറയാണ് വിജയലക്ഷ്മിയുടെ ഈ അസുഖം രവി ചികിത്സിച്ചാലൊന്നും മാറാൻ പോണില്ല." മേനോൻ എന്തു ഭാവിച്ചിട്ടാണു എന്ന് ഞാനും അവരും അത്ഭുതപ്പെട്ടു

"അതെ, കുട്ടിയുടെ അസുഖം എന്താണെന്നാ പറഞ്ഞത് തലക്കനം, കണ്ണുകടി ഇതൊക്കെ അല്ലേ?. ഇതൊന്നും മാറ്റാൻ രവിയേക്കൊണ്ടാവുംന്ന് എനിക്കു തോന്നുന്നില്ല. അതു സാരമില്ല. അപ്പുറത്ത് തന്നെ നല്ല ഒരു ഡോക്ടർ ഉണ്ട്. എന്റെ സുഹൃത്താണ് ഡോക്ടർ ഗോപാലകൃഷ്ണൻ. രവിയേ വിട്ടേക്കു. നമുക്കു അദ്ദേഹത്തിനെ ഒന്നു കാണാം. (ഡോക്ടർ ഗോപാലകൃഷ്ണൻ സൈക്യാട്രിസ്റ്റ് ആണെന്ന് ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ).

എന്തായാലും പിന്നീടേതെങ്കിലും രോഗികൾ കണ്ണ് ചൊറിയുന്നു എന്ന് പറഞ്ഞാൽ എനിക്ക് ചിരിവരും, മേനോന്റെ കണ്ണുകടി കാര്യം ഓർത്ത്.

My Monsoon Umbrella - Acrylic on Canvas



Lord Hanuman - Acrylic on Canvas




DR.R.K.

Brahminy Kite -Acrylic on Canvas



Sunrise Pondicherry- Oil painting on canvas





ചക്ക VERSUS മുരുന്ന്

ഡോ. ലതാ മോഹൻ

ചക്കക്കാലം തീരാറായി
വിട പറയുമ്പാൾ ചക്ക എന്നോടോതി
എനിക്കൊരു അപരനുണ്ട് കുഞ്ഞനാം
അവൻ പഴങ്ങളുടെ മന്നനത്രെ
ആരെന്നവൻ ഞാൻ ഓതി?
ദുര്യൻ അത്രെ അവൻ ദുര്യൻ
ദുര്യനോ എവിടെ അവൻ?
ഈ ദേശത്തൊന്നുമല്ല
അങ്ങ് മലായിലാണത്രെ
രൂക്ഷഗന്ധത്താൽ നിൽക്കക്കള്ളി
യില്ലാതെ ഭക്ഷണശാലകൾ
ഒഴിവാക്കീടും അവനെ.
എനിക്കോ ചെറുഗന്ധം മാത്രം
എന്നിട്ടും അവൻ രാജാവത്രേ
കഴിഷ്ടാനോ അവൻ
വെണ്ണപോലയത്രേ
എന്നെയോ കടിച്ചുമുറിച്ച് തിന്നാമല്ലോ
എന്നിട്ടും അവനത്രേ മുൻപൻ
പട്ടിണിപാവങ്ങൾ എന്നെ
ഭക്ഷണമാക്കീടും ദിനംതോറും
പലവിധമായി അടുഷ്പിൽ വേവും
അവനോ അതൊന്നുമാവതില്ല
എന്നിട്ടും അവനത്രേ രാജാവ്
എന്തിനീ വേർതിരിവ് എന്നോട്?
ഞാനെന്തപരാധം ചെയ്തു
മാനുഷരോട് ....
ഞാനെന്തുപറയാൻ എൻപ്രിയ ചക്കേ
വീണ്ടുമൊരു ചക്കക്കാലത്തിനായ്
കാത്തിരിഷ്പൂ എൻ കാന്തനും ഞാനും

ഇലത്തോണി

ഡോ. ശ്രീകാന്ത് രാമചന്ദ്രൻ



തോണിയും തോണിക്കാരനും എന്നും ഗൃഹാതുരത്വം നിറഞ്ഞതാണ്, മൂർക്കനാട് സ്കൂളിൽ നിന്ന് പുലാമന്തോളിലെ അച്ഛൻ വീട്ടിൽ പോകാൻ ഉള്ള മാർഗ്ഗം ആണ് പുഴ കടന്ന് എടപ്പലം പോയി അവിടെ നിന്ന് ജീപ്പിൽ കേറി പോകുന്നത്. എന്നാൽ ജീപ്പ് അധികം ഉണ്ടാകാറില്ല അതുകൊണ്ട് വളഞ്ഞ വഴിക്കാണ് അധികവും പോകാറ്. ചില ദിവസങ്ങളിൽ അപൂർവ്വമായി തോണിയിൽ പോകും. എനിക്ക് അതൊരു നിർവചിക്കാൻ കഴിയാത്ത സന്തോഷം തന്നിരുന്ന ഒരു വിനോദ യാത്രയായിരുന്നു.

സ്കൂളിൽ നിന്നും എല്ലാവരും ചേർന്ന് ആടിപ്പാടി പൊട്ടിക്കുഴിവരെ നടത്തം. പെട്ടെന്ന് പ്രകൃതി മാറും. പുഴയുടെ വഴിയിൽ കേറുമ്പോൾ ആകാശം മുട്ടെ ഉള്ള മരങ്ങൾ, വെളിച്ചം ഇലകൾക്കിടയിലൂടെ പിശുക്കി പിശുക്കി വരുന്നു, ആ സമയം ഞാൻ മുന്നേ വായിച്ച കഥകളിലെ കഥാപാത്രമാകും, മൂർക്കനാട് അമസോൺ വനമായ് മാറും കുന്തിപ്പുഴ ആ മഹാനദിയും, പ്രിയ സുഹൃത്തിന്റെ വീടിനോട് ചേർന്ന് പുഴക്കരയിൽ എത്തി ആ തോണി അക്കരെ എത്തുന്ന വരെ ആ മനോ രാജ്യം തുടരും. തോണി ചിലപ്പോ അക്കരെ ആണെങ്കിൽ സന്തോഷമായി. ആ ചിത്രവും നോക്കി മണലിൽ ഇരിക്കാം. തോണിയിൽ വക്കത്ത് ഇരിക്കുന്ന മുതിർന്ന കുട്ടികളെ ഞാൻ ആദരവോടെ നോക്കിയിരിക്കും. അങ്ങിനെ ഇരുന്ന് വെള്ളത്തിൽ കൈ തൊടാൻ മനസ്സ് പറയുമെങ്കിലും ചെയ്യാറില്ല. കുട്ടിക്കാലത്ത് അതു പോലെ ആസ്വദിച്ച ഒരു യാത്ര വേറെ ഇല്ലെന്നു പറയാം.



കാലം മാറി,എടപ്പലം പാലം വന്നു, തോണികൾ നമ്മുടെ നാട്ടിൽ വിനോദമായി മാറി. ജലയാത്രകളും ജലയാനങ്ങളും എന്നും മനസ്സിൽ സന്തോഷം തന്നിരുന്നു. അവധിക്കാലത്ത് അച്ഛന്റെ ഒപ്പം ആന്ധ്രയിലെ ഭദ്രാചലത്തിൽ നിൽക്കുന്ന സമയം, ആരോ പറഞ്ഞു പിറ്റേന്ന് ഗോദാവരി നദിയിലൂടെ ആവി എഞ്ചിൻ വെച്ച ബോട്ടിലൂടെ ദിവസം മുഴുവൻ നീളുന്ന യാത്ര ഉണ്ടെന്നും അച്ഛൻ അത് ഒരു രഹസ്യമാക്കി വെച്ചതാണെന്നും. ആ രാത്രി മുഴുവൻ ഗോദാവരി തീരത്തെ നക്സൽ യുദ്ധങ്ങൾ നടക്കുന്ന കാടുകളും ഈ യാത്രയും സ്വപ്നം കണ്ടു. എന്നാൽ അച്ഛന്റെ ജോലി തിരക്ക് കാരണം അത് നടന്നില്ല (ഇന്നും ആ ഒരു ആഗ്രഹം സാധിക്കാതെ മനസ്സിലുണ്ട്). പക്ഷേ അദ്ദേഹത്തിന്റെ കൂടെയുള്ള യാത്രകളിൽ ഒരുപാട് ചിത്രങ്ങളും അനുഭവങ്ങളും മനസ്സിന്റെ ക്യാൻവാസിൽ പതിഞ്ഞു. വിവേകാനന്ദ പാറയിലേക്ക് ആടി ഉലയുന്ന നൗകയിൽ പോയതും, ആൻഡമാൻ ദ്വീപിൽ 'ഡൂങ്ക' എന്നു വിളിക്കുന്ന ഒറ്റത്തടി വള്ളത്തിൽ പോയതും, ബ്യാസീ നദിയിലെ റാഫ്റ്റിങ്ങും അങ്ങനെ ഒരുപാട്.





ഏറെ അടുത്തായിരുന്നെങ്കിലും വിവാഹശേഷം മാത്രമാണ് ആലപ്പുഴ പോകാൻ സാധിച്ചത്. അവിടെ ചെറുവള്ളത്തിൽ കനാലുകളിലൂടെ പോയ ആ യാത്ര, അതിൽ പതിഞ്ഞ ചിത്രങ്ങൾ ! പിന്നേയും ഒരുപാട് തവണ അവിടേക്ക് തന്നെ പോയി. എറണാകുളത്ത് പഠിക്കുമ്പോൾ കായൽ യാത്രകൾ മതിവരുവോളം ആസ്വദിച്ചു. സർക്കാർ ബോട്ടിൽ ഉള്ള യാത്രകളുടെ ഓർമ്മകൾ വേറൊരു മധുരം ആണ്.

ദുബായിലെ യാട്ടിലും, അബ്രയിലും പോയപ്പോൾ മരങ്ങൾക്കു പകരം അംബരചുംബികൾ തലയുയർത്തി നിൽക്കുന്നു. ഈയിടെ ലക്ഷദ്വീപ് പോയപ്പോൾ സ്വർഗ്ഗം ഇതാണോ എന്ന് സംശയിപ്പിക്കുന്ന തരത്തിൽ ഉള്ള മനോഹാരിത. എല്ലായിടത്തും വീണ്ടും പോകാൻ തോന്നും. അത് സാധിക്കുമെന്ന് മനസ്സു പറയും.പക്ഷേ ഇപ്പോഴും പണ്ട് മൂർക്കനാട് പുഴ തോണിയിൽ കടക്കുമ്പോൾ കിട്ടിയിരുന്ന ആ അദ്ഭുതം ഇനി തിരിച്ച് അനുഭവിക്കാൻ സാധിക്കില്ലല്ലോ എന്നാ ലോചിക്കുമ്പോൾ ഒരു വേദന, ഇടക്ക് കണ്ണടച്ച് ആ ഓർമ്മകളിൽ ഊളിയിട്ട് ആ അനുഭൂതി അനുഭവിക്കാൻ ശ്രമിക്കാറുണ്ട്, ഈ വരകളിലൂടെയും പാട്ടുകളിലൂടെയെങ്കിലും ആ കുട്ടിയായി മാറാൻ, ആ അവ്യക്തമായ ഓർമ്മളിലെ വ്യക്തമായ ചിത്രങ്ങൾ മായാതെ കുറിച്ചിടാൻ.

ഭ്രാന്തന്റെ സ്വപ്നം

ഡോ.നീസാ



അതിരുകളില്ലാ സ്വപ്നങ്ങളിൽ
അതിരു കോരാൻ തുനിഞ്ഞനേരം
അരുതാത്തതൊക്കെ നന്മയായി
മനസ്സിനുള്ളിൽ കുടിപാർത്തു.

അമിതമാമറിവിൻ കൂമ്പാരം
കുന്ന് കൂടിയതിൻ ഫലമായി
ഭാണ്ഡം ചുമക്കുന്നവനിവനൊരു
ഭാവവുമില്ല സ്ഥായിയായി.

ഭ്രാന്തന്റെ സ്വപ്നം കാണാതേവരും
ദാക്ഷിണ്യമില്ലാതെ ആട്ടിപായിക്കുന്നു
ഭ്രാന്ത് പിടിച്ച ലോകത്ത് കുന്നോളം
സ്വപ്നം കണ്ട് പൊട്ടിച്ചിരിച്ചവനിവൻ

തീക്കനലായെരിഞ്ഞു പുകഞ്ഞിവൻ
സ്ഥലകാല ബോധമില്ലാതെയലമുറയിട്ടു
വികലമാം മനസ്സിൻ ചെയ്തികളൊക്കെ
ചിറകൊടിഞ്ഞ സ്വപ്നത്തിൻ ബാക്കിപത്രം.

Dr. Sharika S Menon

The Chaotic Rhythm

It was 7.00 in the morning, and the household was already buzzing. The smell of coffee wafted through the air as I scrambled to get breakfast ready and the chorus of demands started. " Amma, where is my science notebook?" my daughter called from the hallway, her voice filled with urgency as if the book had run out of the house.

Before I could even answer, another voice chimed in, "Shari, where's my belt?" It was my husband, digging through the cupboard with increasing frustration.

And as if on cue, the youngest added, "Amma, I'm hungry" I felt a sharp pang of irritation build up in my chest. "How am I supposed to know where you left all these things the previous night? Was I up all night looking at all this?" I thought to myself as if my morning wasn't chaotic enough, my phone buzzed and it was my PG calling way too early.

"Madam," she started, her voice shaking slightly, "the intraocular lens for today's surgery hasn't arrived yet. What should we do?"


I froze for a second, feeling the tension rise as my mind raced. That was today's case which had been postponed twice before. The patient had waited weeks for the surgery. No the surgery couldn't be rescheduled. I felt the irritation morph into something darker—anger creeping in.

"Okay," I said into the phone, trying to keep my voice steady. "Check with the supplier and see if they can rush it. If not, we'll have to push the surgery to later in the day."

My young one was now tugging at my shirt. "Amma, I'm hungry," he repeated, his eyes wide with impatience. I smiled weakly, trying to suppress the storm inside me. "Okay, sweetheart, let me get you some breakfast." Juggling between being a homemaker and an ophthalmologist felt like walking a tightrope without a safety net. No amount of planning, no number of time management books could truly prepare you for the chaos of it all. Some days, it felt like I had mastered the balance, while other days- like today- I felt the weight of everything bearing down on me. But in that small moment, kneeling beside my son, I reminded myself that it was okay to feel overwhelmed. It was okay to struggle.

What mattered was how I chose to handle it. As I made him the Dosa he ate it speaking about something at his school yesterday. My eyes drifted to the kitchen table planner and my mind wavered to thoughts of dinner and next day's lunch preps. "Amma, you're not listening," he said, tugging at my sleeve. His voice brought me back to the present, but only for a moment. I smiled at him, nodded, and responded half-heartedly, my mind already back to work, thinking about how I would handle the day's surgeries. Had they got the lens from the supplier?

"Amma, are you listening?" my son repeated, this time with a hint of frustration.



I blinked, realizing I hadn't caught a word he had said. I'm here, but I'm not here, I thought. I looked into his eyes, forcing myself to focus solely on him. "I'm so sorry," I said. "Tell me again. I'm listening now."

In that moment, I realized that maybe the key wasn't in doing more things at once, but in doing one thing at a time-fully, completely. Maybe the real skill wasn't multitasking, but being present in the task at hand. I looked at the clock. "Oops only twenty minutes left". I had to hurry. Shower my kids, help them with their uniforms and breakfast and then I also had to get ready. What was today's class about? I kept thinking as I plaited my daughter's hair. Ok maybe I can listen to the topic while I drive to hospital.

Ok, both the kids ready. Now I had ten minutes left. I quickly draped my saree and as I combed my hair my daughter asked me "Amma, you are coming for the parent teachers meet today na?" Oh God, how could I have forgotten it? "And tomorrow is my science fair, please do teach me something today evening" she added.

The clock ticked, and as much as I wanted to be the perfect homemaker, the perfect ophthalmologist, and still have time for myself, the reality was far from perfect. It was a balancing act that I was still learning, one day at a time.

I took one last sip of coffee, feeling the warmth of it sink into me like a small comfort before the day truly began. Maybe tomorrow would be smoother. Maybe I'd figure out a better system. But for today, I reminded myself that I didn't need to do everything-just the best I could. And I am sure I am going to miss all this badly once my kids graduate and go away.

This chaotic dance between family, work, and personal time is a familiar rhythm for mothers everywhere. We juggle, we plan, we adapt-and yet, it rarely ever goes exactly as expected.

Whether you're a doctor, a teacher, a homemaker, or anything in between, the struggle to balance it all is universal. And though it may feel overwhelming at times, it"s also a testament to the strength and resilience that so many mothers carry with them each day. We don't have to be perfect; we just have to keep going, doing our best with what we have.


Images in daily life that remind us of Ophthalmology

Dr. Thomas Arun Varghese




Reminded me of TASS







Reminded me of Granulomatous Uveitis



Reminded me of different Field defects –
Arcuate scotoma & Macular sparing Hemianopia



Quite obvious






Different Eye Masks






One more Red Eye



Different coloured inks, brushes in a printing press- Yellow, Magenta, Cyan and Black –
reminded me of the primary colours









Dr. Cyril Mathew George

രൂപാന്തരം

ഡോ. ഗോപിക പി കെ



കണ്ണാഴങ്ങളിലേക്ക് ഊളിയിട്ടു തുടങ്ങിയിട്ട് ഇന്നേക്ക് ഒരു വർഷം. എനിക്ക് കൗതുകവും സ്നേഹവും ഉണർത്തുന്ന മേഖലയാണോ ഇതെന്ന ചോദ്യ ചിഹ്നത്തോടെയാണ് എം.എ.ഇഎസ്സിൽ നേത്രരോ ഗവിഭാഗത്തിലേക്ക് കാലെടുത്തു വെച്ചത്. ഇഷ്ടക്കെടോ വെറുപ്പോ ഒന്നിനോടും തോന്നിയിരുന്നില്ല എന്ന കാര്യത്തിൽ എനിക്ക് ഉറപ്പുണ്ട്, പക്ഷേ എന്റെ ആസ്വാദന നിലവാരത്തിൽ ഈ ഇടം ചേർന്നുനിൽക്കുമോ എന്നകാര്യത്തിൽ മാത്രം ആദ്യമൊക്കെ ഒരു ആശങ്ക എനിക്കുണ്ടാ യിരുന്നെന്നു പറയാതിരിക്കാൻ ആവില്ല. കഴിയുന്നതുപോലെ പിടിച്ച് പിടിച്ച്, ഇടക്കൊക്കെ കാല് തെറ്റി വീണ് ഞാൻ അങ്ങനെ നടന്നു തുടങ്ങി. (ഈശ്വരാനുഗ്രഹം കൊണ്ട് വീഴുമ്പോൾ ഒരു കൈ തരാൻ, വീണ്ടും എഴുന്നേറ്റ് നടക്കാൻ പറയാൻ മനസ്സുള്ള ഒരു കൂട്ടം നല്ല മനുഷ്യരായിരുന്നു എനിക്കു ചുറ്റും. എന്നോടൊപ്പം നടന്ന എന്റെ കൂട്ടുകാരുടെയും കാര്യം മറിച്ചല്ലായിരുന്നു. ചെറുപ്പം മുതൽക്കേ, പുതിയ കാര്യങ്ങൾ അറിയുമ്പോൾ എന്റെ കണ്ണുകൾ കൗതുകം കൊണ്ട് വിടരുമാ യിരുന്നു. ഇവിടെ വന്നപ്പോൾ കാര്യങ്ങൾ അറിഞ്ഞു തുടങ്ങുന്നതിനുമുൻപെ ഞങ്ങൾ കാഴ്ച വെച്ചു കൊണ്ടിരുന്നത് വ്യത്യസ്തമായ അബദ്ധങ്ങൾ ആ യിരുന്നു. അതെല്ലാം വളരെ കൃത്യമായി നിരീക്ഷിച്ചു കൊണ്ട് ഞങ്ങളുടെ ചേച്ചിമാർ കൂടെത്തന്നെ ഉണ്ടായിരുന്നു. ചെറിയ ചില പിണക്കങ്ങളൊക്കെ ഉണ്ടായെങ്കിലും ഈ യാത്രയുടെ "ത്രില്ല്" കൂടിയിട്ടേ ഉള്ളൂ. വല്ലത്തൊരു സമസ്യയായി ഓപ്റ്റിക്സിന്റെ അദ്ധ്യായങ്ങൾ മാറിയേക്കും എന്ന തോന്നൽ വന്നപ്പോൾ ഒഴിവുസമയങ്ങളിൽ ഞാൻ കാഴ്ച അളക്കാനും ഞാൻ കൂടെ ഇറങ്ങാമെന്ന് തീരുമാനിച്ചു.

എപ്പോഴാണ് ഞാനിതൊക്കെ ആസ്വദിക്കാൻ തുടങ്ങിയതെന്ന് കൃത്യമായി ഓർമ യില്ല. ഇപ്പോഴും refraction കൈപ്പിടിയിൽ ആക്കാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. രണ്ടാം നിലയിലെ ഓണം കേറാമൂലയിൽ നിന്ന് ഗ്രൗണ്ട് ഫ്ളോറിലെ വിശാലതയിലേക്ക് മാറിയപ്പോ ഴേക്കും 6 മാസം പിന്നിട്ടിരുന്നു. ഒരുപക്ഷേ എന്റെ മാറ്റങ്ങൾ ഞാൻ തിരിച്ചറിയാൻ തുടങ്ങിയ സമയം. ആ മാറ്റം സത്യത്തിൽ മനസ്സിലായത് ഓരോ ദിവസത്തിന്റെയും വ്യത്യസ്തതകളിലൂടെ ആയിരുന്നു. ചിലപ്പോഴെല്ലാം അർത്ഥശൂന്യമായി എനിക്ക് തോന്നിയ എന്റെ സംശയങ്ങൾ ഞാൻ ചോദിച്ചു കൊണ്ടേയിരുന്നു.

ഏറ്റവും ക്ഷമയോടെ വ്യക്തമായ ഉത്തരങ്ങൾ തന്നു കൊണ്ട് എന്റെ ഗുരുക്കന്മാർ കൂടെത്തന്നെയുണ്ടാ യിരുന്നു. ഇപ്പോൾ എനിക്കിവിടം ഇഷ്ടമാ യിക്കഴിഞ്ഞിരിക്കുന്നു. പുതിയ അനുഭവങ്ങൾ കൊണ്ട് എന്റെ ഓരോ ദിവസവും സമ്പന്നമാകുന്നു. ഇത്രയേറെ വ്യത്യസ്തതകൾ നിറഞ്ഞ മേഖലയിലേക്ക് എന്നെ കൊണ്ടെത്തിച്ച ഈശ്വരന് നന്ദി, ഓരോ ദിവസവും ഉണർവ്വേകുന്ന എന്റെ അനുഭവങ്ങൾക്കും.



Dr. Juni Hari



Dr Sreekanth Ramachandran